# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി /പി10/1832/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 02/11/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി /പി10/1832/2024 തീയ്യതി: 02/11/2024

## കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-09-2023 മുതൽ 07-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നന്ദന എസ് പിള്ള കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 08-10-2024 | 16-10-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-10-2024 | 16-10-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗിരീശൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ദിശ, ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷിബിൻ. കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ. ശ്രീജിത്ത്. കെ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ.
കുമാരി അയന. എൻ, ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീബ എം.കെ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.എൻ പ്രദീപൻ | സെക്രട്ടറി | 01-04-2023 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബു ആരോത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 12-07-2023 |
| ശ്രീ ഹരി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2023 | 31-03-2024 |
| ശ്രീമതി. സുമിത. കെ. ബി | അസിസ്ററൻറ് എഞ്ചിനീയർ | 01-04-2023 | 14-07-2023 |
| ശ്രീമതി. ദിവ്യ. എൻ.എം | അസിസ്ററൻറ് എഞ്ചിനീയർ | 15-07-2023 | 31-03-2024 |
| ഡോ. ഷബ്ന | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2023 | 04-07-2023 |
| ഡോ. ജീന എലിസബത്ത് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 05-07-2023 | 09-10-2023 |
| ഡോ. അഖിൽ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 10-10-2023 | 31-01-2024 |
| ഡോ. ഹരീഷ് | മെഡിക്കൽ ഓഫീസർ, | 01-02-2024 | 31-03-2024 |

| | | | |
|---|---|---|---|
| | എഫ്.എച്ച്.സി | | |
| ഡോ. ശിവപ്രസാദ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 17-09-2023 |
| ഡോ. അ്ഞജന | മെഡിക്കൽ ഓഫീസർ, ആയുർവേദം | 18-09-2023 | 31-03-2024 |
| ശ്രീമതി. മുഫീദ നീതു എൻ.കെ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ഷിനോജ്, | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ബിന്ദു. പി.ഐ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. ജയപ്രകാശ് ഇ.കെ | ഫിഷറീസ് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ ബൽരാജ് എം.ജി | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി ലീന. ടി | ഡയറിഫാം ഇൻസ്ട്രക്ട്ടർ | 01-04-2023 | 12-07-2023 |
| ശ്രീമതി. ജിഷ. ഒ.കെ | ഡയറിഫാം ഇൻസ്ട്രക്ട്ടർ | 13-07-2023 | 31-03-2024 |
| ശ്രീ. ദിപിൻ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി അനുശ്രീ. എം.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 01-09-2023 |
| ശ്രീമതി. ജംഷി. പി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-09-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ചെലവ് യഥാർത്ഥ ഹെഡ്ഡിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | ചെലവുകൾ ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു | 1-1-5 |
| 7 | മുഴുവൻ വരവുകളും ചെലവുകളും അക്കൗണ്ട് ചെയ്യപ്പെടുന്നില്ല | 1-1-6 |
| 8 | ബാങ്ക് ചാർജ് തുക തെറ്റായ ഹെഡിൽ രേഖപ്പെടുത്തി. | 1-1-7 |
| 9 | അലോട്ട്മെന്റുകൾ  കൃത്യസമയത്ത് അക്കൗണ്ടിൽ വരവ് വെക്കാതെ  ചെലവ് നടത്തുന്നു | 1-1-8 |
| 10 | വരവ് ചെലവ് ഷെഡ്യൂളുകളുടെ ആകെ തുകയിൽ ഇരട്ടിപ്പ് | 1-1-9 |
| 11 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക B-4 സ്റ്റേറ്റ് മെന്ററിൽ ബാധ്യതയായി കാണിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ബജറ്റ് രൂപീകരണവും പരിപാലനവും -അപാകതകൾ ആവർത്തിക്കുന്നു. | 1-2 |
| 13 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | രസീത് പിരിവിലെ അപാകതകൾ | 1-8 |
| 19 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം. | 1-9 |
| 20 | വാണിജ്യ കെട്ടിടത്തിന് നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി മാറ്റങ്ങൾ വരുത്തി | 1-10 |
| 21 | തൊഴിൽ നികുതി-അപാകതകൾ | 1-11 |
| 22 | സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി - വിവരങ്ങളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 1-12 |
| 23 | ബാധ്യതയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക നൽകി | 1-13 |

| | | |
|---|---|---|
| 24 | വസ്തുനികുതി പരിഷ്കരണം - വിവരശേഖരണം നടത്തിയെങ്കിലും തുടർപ്രവർത്തനങ്ങളില്ല | 1-14 |
| 25 | തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-15 |
| 26 | ഫയൽ നടപടികൾ പൂർണ്ണമായും ILGMSൽ - എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് ചെയ്യപ്പെട്ടില്ല | 1-16 |
| 27 | റവന്യൂ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ അപാകത | 1-17 |
| 28 | വാർഡ് ശുചീകരണ പ്രവർത്തനം- ചെലവ് നടപടിക്രമത്തിൽ അപാകത | 1-18 |
| 29 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് - അപാകതകൾ | 1-19 |
| 30 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല | 1-20 |
| 31 | മൽസ്യത്തൊഴിലാളികൾക്ക് വല നൽകൽ പദ്ധതിയിലെ അപാകത | 1-21 |
| 32 | സ്കോളർഷിപ്പ് തുക മുഴുവൻ ലഭ്യമാക്കിയില്ല | 1-22 |
| 33 | അംഗൻവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത | 1-23 |
| 34 | കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു. | 1-24 |
| 35 | കരാർ ചമച്ചതിൽ അപാകത | 1-25 |
| 36 | അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകുന്നു. | 1-26 |
| 37 | കാലഹരണപ്പെട്ട ആസ്തികൾക്ക് എ.എം.സി | 1-27 |
| 38 | പൊതുമരാമത്ത് പ്രവൃത്തികളായി നടപ്പാക്കേണ്ടവ വാങ്ങൽ നടപടിയിലൂടെ സമാഹരിച്ചു. | 1-28 |
| 39 | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല. | 1-29 |
| 40 | ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നു. | 1-30 |
| 41 | വിവിധ ഫണ്ടുകളിൽ നിന്നും അധികം നൽകിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-31 |
| 42 | കരാർ കാലാവധി നീട്ടി നൽകി ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിച്ചു. | 1-32 |
| 43 | മെറ്റീരിയലുകൾക്ക് മാർക്കറ്റ് നിരക്കിൽ അധികരിച്ച നിരക്കിൽ കരാർ നൽകി. | 1-33 |
| 44 | മരുന്നുകൾ  ലഭ്യമായില്ല | 1-34 |
| 45 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-35 |
| 46 | തോട് സംരക്ഷണ പ്രവൃത്തികളിൽ അപാകത | 1-36 |
| 47 | മിനി എം.സി.എഫ് നിർമ്മാണം -തെറ്റായ ഇനം | 1-37 |

| | | |
|---|---|---|
| | ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | |
| 48 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- ഹരിതകർമ്മസേന പ്രവർത്തനാവലോകനം | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 3-1 |
| 2 | മിനി എം.സി.എഫ് നിർമ്മാണം -ചെയ്യാത്ത ഇനത്തിന് തുക നൽകി. പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.05.2024 തീയതിയിലെ 2/24 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 27.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കോഴിക്കോട്
തീയതി: 02.11.2024 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ , 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ 56,50,658 രൂപയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയായ 4,939,427 രൂപയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-3 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല.

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023 - 24 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവയും ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതാണ്. ഡിമാന്റ് രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

ഗ്രാമപഞ്ചായത്തിലെ "110100101-Property Tax On Residential Building" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non-Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ, 01/04/23 മുതൽ 31/03/2024 വരെ അസ്സസ്സ് ചെയ്യപ്പെടുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് തുക രണ്ട് തവണയായി (14/12/2023, 31/03/2024) മാത്രം രേഖപ്പെടുത്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നു സാംഖ്യ എൻട്രികളിലെ തുകകളിൽ പിന്നീട് എഡിറ്റിംഗ് വരുത്തി ഡി.സി.ബി - യുമായി പൊരുത്തപ്പെടുത്തുന്ന നിയമവിധേയമല്ലാത്ത രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചതെന്ന് കാണാം. ഇത് ഒഴിവാക്കേണ്ടതാണ്.

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ അപാകത പരാമർശിച്ചതിന് തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. നിലവിലും ഈ അവസ്ഥയ്ക്ക് മാറ്റമൊന്നുമില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-1-4 ചെലവ് യഥാർത്ഥ ഹെഡ്ഡിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

2023-24 വർഷത്തിൽ മെയിന്റനൻസ് (നോൺ റോഡ് )ഫണ്ടിനത്തിൽ 31,61,042/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ വരുന്ന റവന്യൂ ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഐ-14-E ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഐ-14-E ഷെഡ്യൂളിൽ

ചെലവുകൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ല.

### 1-1-5 ചെലവുകൾ ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു

1. 4,85,441/- രൂപ സ്വച്ഛ് ഭാരത് അഭിയാൻ ഗ്രാന്റ് ഇനത്തിൽ സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. ഈ തുക മുഴുവൻ റവന്യൂ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-3 ഷെഡ്യൂളിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ- സ്വച്ഛ് ഭാരത് അഭിയാൻ എന്ന ഹെഡിൽ 81,644/- രൂപയുടെ വർദ്ധനവ് കാണുന്നു. വിശദമായ പരിശോധന നടത്തിയതിൽ ടി തുക ചെലവ് നടന്നിരിക്കുന്നത് ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നുമാണെന്ന് വ്യക്തമായിട്ടുണ്ട്. ഇപ്രകാരം ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നും നടത്തിയ ആസ്തി സൃഷ്ടിക്കുന്ന ചെലവ് ഹെഡ് മാറ്റി "സ്വച്ഛ് ഭാരത് അഭിയാൻ ഗ്രാന്റ് " ഉപയോഗിച്ച് നിർമ്മിച്ച ആസ്തിയായാണ് കാണിച്ചിട്ടുള്ളത്. ഒരു സ്ഥാപനത്തിന് ഓരോ ഇനത്തിലും ലഭിച്ചതും ചെലവാക്കിയതും ബാധ്യതയായും ആസ്തിയായുമുള്ളതും വ്യക്തമായി അറിയണമെങ്കിൽ ഇവയോരോന്നും വ്യത്യസ്ത ഹെഡുകളിൽ തന്നെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

2. മുൻകാല ബില്ലുകൾ ലഭിച്ചത് ഓഡിറ്റ് വർഷത്തിൽ മാത്രമാണെങ്കിൽ മുൻകാല ചെലവ്(prior Period Expense ) എന്ന തരത്തിലാണ് അക്കൗണ്ട് ചെയ്യേണ്ടത്. അപാകതയുടെ വിശദാംശങ്ങൾ ഖണ്ഡിക 1-13 ൽ പ്രതിപാദിച്ചിരിക്കുന്നു.

### 1-1-6 മുഴുവൻ വരവുകളും ചെലവുകളും അക്കൗണ്ട് ചെയ്യപ്പെട്ടുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുമായി ബന്ധപ്പെട്ട ഐ.കെ.എം സുലേഖ പത്രിക പരിശോധിച്ചതിൽ 2078323/- രൂപ ചെലവായതായി കാണുന്നുണ്ട്. ആകെ 6 പ്രൊജക്ടുകളിലേക്ക് ആണ് ബ്ലോക്ക് വിഹിതം ലഭിച്ചിരിക്കുന്നത്. ഇതിൽ റവന്യൂ ഇനത്തിൽ ചെലവഴിച്ച തുകയ്ക്ക് തുല്യമായ തുക, 19,78,323/- രൂപ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രികയിലെ ഐ-6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഐ.സി.ഡി. എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ക്രാഡിൽ അങ്കണവാടി എന്ന പദ്ധതിയുടെ ചെലവ് തുകയായ 100000/ - രൂപ ആസ്തി സൃഷ്ടിക്കുന്ന ചെലവ് ഹെഡിലേക്ക് മാപ്പ് ചെയ്തെങ്കിലും വാർഷിക കണക്കിൽ ആസ്തി സൃഷ്ടിക്കുന്ന ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല.

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊയിലാണ്ടി ബ്രാഞ്ചിലെ കറന്റ് അക്കൗണ്ടിൽ (നമ്പർ : 93401) 2023- 2024 സാമ്പത്തിക വർഷത്തിൽ ടെൻഡർ ഫീ ഇനത്തിൽ 1,06,699/- രൂപയുടെ വരവുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ടെൻഡർ ഫീ ഇനത്തിൽ 5740/- രൂപ മാത്രമാണ് വരവായി കാണിച്ചിരിക്കുന്നത്. ഇ-ടെൻഡർ ഫീ ഇനത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുക ടെൻഡർ ഫീ ഇനത്തിൽ ഐ 5 ഷെഡ്യൂളിൽ "റെസീറ്റ്സ് ഫ്രം സെയിൽ ഓഫ് ടെൻഡർ ഫോംസ് " എന്ന ഹെഡിൽ വരവ് വെക്കേണ്ടതും ബാലൻസ് ഷീറ്റിൽ അസറ്റ് ഇനത്തിൽ റിസീവബിൾസ് എന്ന ഹെഡിൽ ചേർക്കേണ്ടതുമായിരുന്നു. തുക പഞ്ചായത്തിന് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഹെഡിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. അക്രൂവൽ അക്കൗണ്ടിംഗ് രീതി പിൻതുടരുന്ന ഒരു സ്ഥാപനം തൻ വർഷം ഡ്യൂ ആയ ഒരു തുക അക്കൗണ്ട് ചെയ്യാത്തത് ശരിയായ നടപടിയല്ല

### 1-1-7 ബാങ്ക് ചാർജ് തുക തെറ്റായ ഹെഡിൽ രേഖപ്പെടുത്തി.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻഡ് അൺ ടൈഡ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിന്ന് ബാങ്ക് ചാർജ് ആയി ബാങ്ക് ഈടാക്കിയ 48/- രൂപ റസീറ്റ് ആൻഡ് പേയ്മെന്റ് പത്രികയിലെ ആർപി-30 ഷെഡ്യൂളിൽ ചെലവ് ആയി കാണിച്ചിരിക്കുന്നു. ഗ്രാൻഡ് അനുവദിച്ച സ്ഥാപനത്തിന് തന്നെ തുക തിരികെ നൽകേണ്ട സാഹചര്യത്തിൽ ചെലവ് രേഖപ്പെടുത്തേണ്ട ഹെഡാണിത്. ബാങ്കിൽ നിന്നും

തിരികെ ഈടാക്കി സി.എഫ്.സി.ഫണ്ടിൽ നിക്ഷേപിക്കേണ്ട തുകയായിരുന്നു ഇത്. ഈ തുക റിസീവബിൾ ആയി വാർഷിക കണക്കിൽ കാണിക്കേണ്ടതായിരുന്നു. അതിനാൽ തന്നെ ചെലവഴിക്കാത്ത തുകയായി തൻ വർഷ ബാലൻസ് ഷീറ്റിൽ ബി 4 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ 48 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-8 അലോട്ട്മെൻ്റുകൾ കൃത്യസമയത്ത് അക്കൗണ്ടിൽ വരവ് വെക്കാതെ ചെലവ് നടത്തുന്നു

ലൈഫ് മിഷനായുള്ള എസ്.ബി.ഐ കൊയിലാണ്ടി ശാഖയിലെ (3066) അക്കൗണ്ടിൽ സ്റ്റേറ്റ് ഷെയർ ഇനത്തിൽ 2-8-23 ൽ 200000/- രൂപയും 16-8-23 ന് 20,00,000 രൂപയും വരവ് വന്നെങ്കിലും പഞ്ചായത്തിലെ ബാങ്ക് ബുക്കിൽ ഈ തുക വരവായി അക്കൗണ്ട് ചെയ്തത് 24-11-2023 തീയതിയിൽ 123000155/G110804 നമ്പർ രസീത് വഴിയാണ്.

21-9-23 തീയതിയിൽ ടി അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് ഓപ്പണിങ് ബാലൻസ് 1,99,352/- രൂപയാണ്. എന്നാൽ ചെക്ക് നമ്പർ “290821” മുഖേന ബാങ്ക് ബുക്കിൽ നീക്കിയിരിപ്പായി കാണിച്ചതിലും അധികം തുകയുടെ (32,00,000/- രൂപ) പിൻവലിക്കൽ നടത്തിയതായി കാണുന്നുണ്ട്. നേരത്തെ തന്നെ ലഭ്യമായ അലോട്ട്മെന്റുകൾ കൃത്യസമയത്ത് വരവായി ബുക്ക് ചെയ്യാതിരുന്നതിനാൽ ബാങ്ക് ബുക്കിലെ ബാലൻസ് ക്രെഡിറ്റ് ബാലൻസ് ആകുന്ന സ്ഥിതിയുണ്ട്.
മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-1-9 വരവ് ചെലവ് ഷെഡ്യൂളുകളുടെ ആകെ തുകയിൽ ഇരട്ടിപ്പ്

എയിംസിൽ അപ് ലോഡ് ചെയ്ത രസീറ്റ് ആന്റ് പേയ്മെൻ്റ് അക്കൗണ്ട്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നീ പത്രികകളിലെ അബ്സ്ട്രാക്ടിലെ തുകയും അതാത് അക്കൗണ്ടുകളുടെ ഷെഡ്യൂളിനൊപ്പം ലഭ്യമാക്കിയ അബ്സ്ട്രാക്ടിലെ തുകയും വ്യത്യസ്തമാണ്.

### 1-1-10 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക B-4 സ്റ്റേറ്റ് മെന്റിൽ ബാധ്യതയായി കാണിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻഡ് അക്കൗണ്ടുകളിൽ ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം ബാങ്കിൽ നീക്കിയിരിപ്പുള്ള തുകയും (34,69,555 രൂപ) B-4 ഷെഡ്യൂൾ പ്രകാരം നിക്കിയിരിപ്പുള്ള തുകയും (32,47,499) തമ്മിൽ 2,22,056 രൂപയുടെ വ്യത്യാസം കാണുന്നു.

### 1-2 ബജറ്റ് രൂപീകരണവും പരിപാലനവും -അപാകതകൾ ആവർത്തിക്കുന്നു.

സ്ഥാപനത്തിന്റെ ബജറ്റ് ഭരണസമിതിയുടെ 21/3/23 തീയതിയിലെ 23 ആം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,22,71,269 |
| വരവ് | 17,92,61,000 |
| ആകെ | 19,15,32,269 |
| ചെലവ് | 17,86,76,935 |
| നീക്കിയിരിപ്പ് | 1,28,55,334 |

ബജറ്റ് തയ്യാറാക്കുന്നതിലും പരിപാലിക്കുന്നതിലും മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ പ്രതിപാദിച്ച

അപാകതകൾ ഓഡിറ്റ് വർഷവും ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ബജറ്റ് പ്രൊവിഷനനുസൃതമായി വാർഷിക പദ്ധതി തയ്യാറാക്കാത്തതും ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾക്ക് അനുസൃതമായി ബജറ്റ് പുതുക്കാത്തതും മറ്റ് അപാകതകളും 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1 ആയി പരാമർശിച്ചതാണ്. ഇതിനുള്ള മറുപടിയിൽ 2021-22 വർഷത്തെ ബജറ്റ് തയ്യാറാക്കുമ്പോൾ തന്നെ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി തന്നിട്ടുണ്ട്. എന്നാൽ ഈ അപാകതകൾ ഓഡിറ്റ് വർഷത്തിലും തുടരുകയാണ്. വിശദാംശം താഴെ കൊടുക്കുന്നു.

എ) വാർഷിക പദ്ധതി അടങ്കൽ ബജറ്റ് ഉൾക്കൊള്ളുന്നില്ല

ബജറ്റ് ഷെഡ്യൂൾ 9 (BS9), ബജറ്റ് ഷെഡ്യൂൾ 12 (BS12) എന്നിവ പ്രകാരം വാർഷിക പദ്ധതിക്കായി ബജറ്റിൽ ആകെ 14,61,72,935/-രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ അന്തിമ പദ്ധതി രേഖ പ്രകാരം വാർഷിക പദ്ധതി അടങ്കൽ 11,46,37,970/- രൂപയും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ അടങ്കൽ 5.5,കോടി രൂപയുമാണ്. ഇവ രണ്ടും കൂടി ആകെ 16,96,37,970/-രൂപ വരുന്നുണ്ട്. അതായത് 2,34,65,035/-രൂപയുടെ വാർഷിക പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് ബജറ്റിൽ മതിയായ വകയിരുത്തൽ ഇല്ലാതെയാണെന്ന് വ്യക്തമാകുന്നു. ബജറ്റ് പ്രൊവിഷനില്ലാതെ പദ്ധതികൾ ആവിഷ്കരിച്ചത് വിശദീകരിക്കപ്പെടേണ്ടതാണ്.

ബി) വാർഷിക പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയത് ബജറ്റ് പ്രൊവിഷനനുസൃതമല്ല

ബജറ്റ് പ്രകാരം ആകെ 33,36,935/-രൂപയാണ് തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. എന്നാൽ അന്തിമപദ്ധതി രേഖ പ്രകാരം തനത് ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ 32,64,470/-രൂപ മാത്രമാണ്. ബജറ്റ് പ്രൊവിഷൻ പ്രകാരമുള്ള 72,465/-രൂപയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ചില്ലെന്ന് കാണാം. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ ബജറ്റ് പ്രൊവിഷൻ 89,97,420/-രൂപയായെങ്കിലും അന്തിമ ചെലവു പത്രിക പ്രകാരം ആകെ വകയിരുത്തൽ 79,93,807/-രൂപയായി കുറഞ്ഞു.

സി) വായ്പാ തിരിച്ചടവിന് ബജറ്റ് പ്രൊവിഷനില്ല

ലൈഫ് പദ്ധതിക്കായി സ്ഥാപനം KURDFC യിൽ നിന്നും ലോൺ എടുക്കുകയും എല്ലാ വർഷവും പ്ലാൻ ഫണ്ട് അലോട്ട്മെന്റിൽ നിന്നും സർക്കാർ ലോൺ തുക ഇൻസ്റ്റാൾമെന്റായി കുറവുവരുത്തുകയും ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച വ്യക്തമായ ധാരണ സ്ഥാപനത്തിനുണ്ടായിട്ടും ബജറ്റിൽ ലോൺ തിരിച്ചടവിനായി യാതൊരു തുകയും സ്ഥാപനം വകയിരുത്തിയിട്ടില്ല.

ഡി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനത്തിനനുസൃതമായി ബജറ്റ് പുതുക്കിയിട്ടില്ല

വാർഷിക പദ്ധതി നിരവധി തവണ പുതുക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ അഡീഷണൽ ആക്ഷൻ പ്ലാൻ ഉൾപ്പെടുത്തുകയും ചെയ്തെങ്കിലും ഇത് ഉൾക്കൊള്ളുന്ന തരത്തിൽ സമയാസമയങ്ങളിൽ ബജറ്റ് പുതുക്കിയിട്ടില്ല. വർഷാവസാനം മാത്രമാണ് ബജറ്റ് പുതുക്കിയിരിക്കുന്നത്.

ഇ) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല.

ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ്, ബജറ്റ് കുറിപ്പ് തുടങ്ങിയ ബജറ്റ് രേഖകൾ തയ്യാറാക്കിയിട്ടില്ല.

മുൻ വർഷത്തെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടും അപാകതകൾ ആവർത്തിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷം പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്

1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,89,44,077 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,86,51,959 |

| | |
|---|---|
| ആകെ | 7,75,96,036 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,30,01,301 |
| നീക്കിയിരിപ്പ് | 2,45,94,735 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,63,76,000 | 2,63,76,000 | 1,86,76,715 | 76,99,285 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 34,42,000 | 34,42,000 | 24,29,054 | 10,12,946 |
| മെയിന്റനൻസ്, റോഡ് | 0 | 97,35,350 | 97,35,350 | 24,42,286 | 72,93,064 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 51,98,000 | 51,98,000 | 31,61,042 | 20,66,958 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMSമുഖേന) | 5,18,785 | 4478257 (4367000 + പലിശ 111257) | 499,70,42 | 32,90,689 | 17,06,353 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ്(PFMS മുഖേന) | 33,69,831 | 32,75,500 | 66,45,331 | 51,04,185 | 15,41,146 |

## 1-5 പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

ഓഡിറ്റ് വർഷം ആകെ 233 പ്രൊജക്ടുകൾ ആസൂത്രണം ചെയ്തതിൽ 143 എണ്ണത്തിന് തുക വിനിയോഗിച്ചിട്ടുണ്ട്. ആകെ 19.48 കോടി രൂപ വകയിരുത്തിയതിൽ 5.2 കോടി രൂപ മാത്രമാണ് വിനിയോഗിക്കാനായത്.

ഓഡിറ്റ് വർഷത്തെ ആസൂത്രണത്തിന് അടിസ്ഥാനമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് ആവശ്യമായ അടിസ്ഥാനവിവരങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

വനിതകൾക്കുള്ള പ്രൊജക്ടുകൾ ആ വിഭാഗത്തിന് മാത്രം ആവശ്യമുള്ളതാകണമെന്നും പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ ഉപകരിക്കുന്ന കാര്യങ്ങൾക്ക് ഈ വിഭാഗത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ പാടില്ലെന്നും ആസൂത്രണമാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടും ഇത് ഈ സ്ഥാപനത്തിൽ

പാലിക്കപ്പെടാത്തത് അപാകതയാണ്. കൂടാതെ ആസ്തികളുടെ സംരക്ഷണത്തിന് ആസൂത്രണമാർഗ്ഗരേഖയിൽ പ്രതിപാദിക്കും വിധം ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല എന്നതും ശ്രദ്ധയിൽ പെടുത്തുന്നു.

സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം കുറഞ്ഞു

ഓഡിറ്റ് വർഷം വിവിധ സർക്കാർ ഗ്രാന്റിനങ്ങളിൽ സ്ഥാപനത്തിന് ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗ്രാന്റിനം | വകയിരുത്തിയ തുക | ലഭിച്ച അലോട്ട്മെന്റ് | വിനിയോഗിച്ച തുക | ചെലവഴിക്കാത്ത തുക | |
|---|---|---|---|---|---|---|
| | | | | | ക്യൂ ബിൽ | ചെലവില്ലാത്തത് |
| 1 | വികസനഫണ്ട് ജനറൽ | 2,81,99,520 | 2,63,76,000 | 1,86,76,715 | 70,99,285 | 6,00,000 |
| 2 | വികസനഫണ്ട് SCP | 36,82,688 | 34,42,000 | 24,29,054 | 10,12,946 | 0 |
| 4 | മെയിന്റനൻസ് ഫണ്ട് റോഡ് | 1,70,59,004 | 97,35,350 | 24,42,286 | 67,30,849 | 5,62,215 |
| 5 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 88,08,773 | 51,98,000 | 31,61,042 | 20,36,958 | 0 |
| | ആകെ | | 4,47,51,350 | 2,67,09,097 | 1,68,80,038 | 11,62,215 |

ആകെ നഷ്ടം -1,80,42,253/-(16880038+1162215)

മേല്പറഞ്ഞ ഇനങ്ങളിൽ ആകെ ലഭിച്ച 4,47,51,350/-രൂപയിൽ 2,67,09,097/-രൂപ മാത്രമാണ് സ്ഥാപനത്തിന് വിനിയോഗിക്കാനായത്. ഇതുമൂലം 1,80,42,253/-രൂപ സ്ഥാപനത്തിന് നഷ്ടമായിട്ടുണ്ട്. ഇതിൽ 1,68,80,038/- രൂപ ക്യൂ ബില്ലിൽ പെടുന്നുണ്ടെന്നത് പരിഗണിക്കുമ്പോൾ 11,62,215/-രൂപയുടെ യഥാർത്ഥ നഷ്ടം സംഭവിച്ചതായി കാണാം.

പ്രൊജക്ടുകൾ സമയബന്ധിതമായി നിർവ്വഹിക്കാത്തതാണ് ഇത്തരത്തിൽ ഫണ്ട് നഷ്ടമാകാനുള്ള ഒരു പ്രധാനകാരണം. മെയിന്റനൻസ് ഫണ്ടിന്റെ രണ്ടാം ഗഡു വിനിയോഗിക്കാൻ കഴിയാത്തതും അവസാനഗഡു ലഭ്യമാകാത്തതും സ്ഥാപനത്തിന്റെ വീഴ്ചകൊണ്ടല്ലെങ്കിലും റോഡിനത്തിൽ 97.35 ലക്ഷം

രൂപ മുൻകൂട്ടി ലഭിച്ചിട്ടും 24.42 ലക്ഷം മാത്രം വിനിയോഗിച്ചത് വീഴ്ചയാണ്.

പ്രൊജക്റ്റ് ഫോറങ്ങളിൽ ആവശ്യമായ വിവരങ്ങൾ ഇല്ല

പ്രൊജക്ടുകൾ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും സ്വന്തമായി തയ്യാറാക്കേണ്ടതാണ്. ഇത് ഉറപ്പു വരുത്തുന്നതിനായി പ്രൊജക്റ്റ് ഫോറങ്ങൾ സ്വന്തം കൈപ്പടയിൽ തയ്യാറാക്കി സൂക്ഷിക്കണമെന്നും ഇത് അടിസ്ഥാനപ്പെടുത്തി മാത്രം സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തണമെന്നും 13-ാം പദ്ധതിക്കാലത്തു തന്നെ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ പ്രൊജക്റ്റിന്റെ കൈയ്യെഴുത്തു പ്രതി നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കിയിട്ടില്ല. കൂടാതെ പ്രൊജക്റ്റ് എന്തിനെന്നോ, ആവശ്യകത എന്തെന്നോ ലക്ഷ്യമെന്തെന്നോ പ്രൊജക്റ്റ് ഫോറങ്ങളിലില്ല. ആവശ്യമായ അടിസ്ഥാന വിവരങ്ങൽ ഉൾപ്പെടാതെയുമാണ് ഇവ തയ്യാറാക്കിയിരിക്കുന്നത്. ഇത് അടിസ്ഥാനപ്പെടുത്തി എപ്രകാരം വെറ്റിംഗ് ഓഫീസർ പ്രൊജക്ടുകൾ അംഗീകരിച്ചെന്ന് വ്യക്തമല്ല.

പ്രൊജക്റ്റ് നിർവ്വഹണം -മോണിറ്ററിംഗ് നടക്കുന്നില്ല

പ്രൊജക്റ്റ് പൂർത്തീകരണ ഫോറം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ പ്രൊജക്റ്റ് ഫയലിൽ ലഭ്യമല്ല. പണം ചെലവഴിച്ച പ്രൊജക്ടുകളുടെ കാര്യത്തിൽ അവ യഥാർത്ഥത്തിൽ പൂർത്തീകരിച്ചെന്നോ, തൃപ്തികരമായി നിർവ്വഹിച്ചെന്നോ ഇതുമൂലം ഉറപ്പുവരുത്തിയിട്ടില്ല.

പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ സംഭവിച്ച അപാകതകൾക്ക് വിശദീകരണം നല്കേണ്ടതുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 58,55,800 | 644 |
| വിധവാപെൻഷൻ | 1,24,27,100 | 1202 |
| വാർദ്ധക്യകാലപെൻഷൻ | 2,26,91,200 | 2080 |
| വികലാംഗപെൻഷൻ | 38,04,600 | 376 |
| വിവാഹധനസഹായം | 2,50,000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,18,000 | 155 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2024 തീയതിയിൽ സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,552/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടു. 200/- രൂപ ഇംപ്രെസ്റ്റ് ആയും സൂക്ഷിച്ചിട്ടുണ്ട്.

## 1-8 രസീത് പിരിവിലെ അപാകതകൾ

ഗുണഭോക്താക്കളിൽ നിന്ന് നേരിട്ട് ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് പകരം വാർഡ് മെമ്പർമാർ വഴി പണം പിരിവ് നടത്തുന്നു.

2023-24 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ മാതൃക പച്ചക്കറി തോട്ടം (പ്രൊ നം - 120), മഞ്ഞൾ കൃഷി വ്യാപനം (പ്രൊ നം: 146), കുറ്റികുരുമുളക് കൃഷി (119), മൺചട്ടിയിൽ പച്ചക്കറി കൃഷി (പ്രൊ നം: 68) പ്രോജക്ടുകളുടെ ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്ന് നേരിട്ടല്ലാതെ വാർഡ് മെമ്പർമാർ വഴി പിരിവ് നടത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി

നാല് പ്രൊജക്ടുകളിലുമായി ആകെ 4,64,800/- രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചിട്ടുണ്ട്. മുഴുവൻ ഗുണഭോക്തൃ വിഹിതവും മെമ്പർമാർ വഴിയാണ് പിരിച്ചത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| തീയതി | രസീത് നമ്പർ | പ്രോജക്ട് | അടവാക്കിയ വ്യക്തിയുടെ പേര് | അടവാക്കിയ തുക |
|---|---|---|---|---|
| 7/10/23 | 15400/1 | മൺചട്ടി വിതരണം | സുധ എം. (മെമ്പർ-വാർഡ് – 1) | 11,400/- |
| 7/10/23 | 15400/3 | മൺചട്ടി വിതരണം | ഗീത ( മെമ്പർ-വാർഡ് – 3) | 11,000/- |
| 7/10/23 | 15400/ 5 | മൺചട്ടി വിതരണം | അബ്ദുൾ ഷുക്കൂർ (മെമ്പർ-വാർഡ് – 7) | 14,800/- |
| 7/10/23 | 15400/6 | കുറ്റികുരുമുളക് തൈ വിതരണം | അബ്ദുൾ ഷുക്കൂർ (മെമ്പർ-വാർഡ് – 7) | 5,050/- |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 7 പ്രകാരം സർക്കാരിലേക്ക് പണമടയ്ക്കുന്ന ഏതൊരു വ്യക്തിക്കും രസീത് നൽകേണ്ടതാണ്. എന്നാൽ ഇവിടെ ഗുണഭോക്താക്കളിൽ നിന്ന് മെമ്പർമാർ പണം പിരിവ് നടത്തുകയും പിരിച്ചെടുത്ത തുകകൾക്ക് മൊത്തത്തിൽ ഒരു രസീത് മാത്രം നൽകുകയുമാണ് ചെയ്യുന്നത്. മെമ്പർമാർ പിരിച്ചെടുത്ത തുകകൾ ഒരുമിച്ച് അടവാക്കുന്നതിനാൽ പണം പിരിവ് നടത്തിയ തീയതിയിൽ തന്നെയാണോ പഞ്ചായത്തിൽ അടവാക്കിയത് എന്ന് ഓഡിറ്റിന് ഉറപ്പ് വരുത്താനും സാധിച്ചിട്ടില്ല. ജനപ്രതിനിധികൾ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിന് വേണ്ടി പണമിടപാടുകൾ നടത്താൻ അധികാരപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(no: 32/ 16.10.24)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ വൈകി അടവാക്കുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ റിംഗ് കമ്പോസ്റ്റ് വിതരണം എന്ന പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം പിരിക്കാനായി പഞ്ചായത്തിൽ നിന്നും മാന്വൽ രസീതുകൾ കൈപ്പറ്റിയിരുന്നു. ടി മാന്വൽ രസീതുകളും പിരിച്ചെടുത്ത തുകകൾ രേഖപ്പെടുത്തുന്ന കളക്ഷൻ രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും ഗുണഭോക്തൃ വിഹിതം ദിവസങ്ങൾ വൈകിയാണ് പഞ്ചായത്തിൽ അടവാക്കുന്നത് എന്ന് ഓഡിറ്റിന് ബോധ്യമായിട്ടുണ്ട്. ഒരു വ്യക്തിയിൽ നിന്നും 212/- രൂപയാണ് ഗുണഭോക്തൃവിഹിതമായി പിരിച്ചെടുക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| തുക പിരിച്ച തീയതി | രസീത് നം | തുക | അടവാക്കിയ തീയതി |
|---|---|---|---|
| 28.2.24 | 15409/96-100 | 212x5= 1060 | 14/3/24- 35828 രൂപ ILGMS രസീത് നം: 1230203414 |
| 28.2.24 | 15410/ 1-28 | 212x28= 5936 | |
| 13-3-24 | 15410/ 29-100 (രസീത് നം- 87 ക്യാൻസൽ | 212x71= 15052 | |

| | | | |
|---|---|---|---|
| | ചെയ്തു) | | |
| 13-3-24 | 15411/ 1-65 | 212x65=13780 | |

ഇതിൽ 28.2.24 ന് പിരിച്ച 6996/- രൂപ പഞ്ചായത്തിൽ അടവാക്കിയത് 14.3.24 ന് മാത്രമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (No: 36/ 16.10.24) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും രസീതി പിരിവ് സംബന്ധിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-9 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം.

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 367 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ, ഉപയോഗക്രമം തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര് | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിട ത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 32<br>കൃഷ്ണൻ.എം | മെറ്റൽ ഇൻഡസ്ട്രീസ് | 8/274 | ഷീബി, വിനീത,<br>വീട്ടിക്കണ്ടി, ചേലിയ | പാർപ്പിടാവശ്യം |
| 56<br>വൽസൻ | സ്റ്റേഷനറി,<br>ഗാമ സ്റ്റോഴ്സ് | 16/387 | ബാബു,<br>അടുക്കത്ത്,<br>എടക്കുളം | പാർപ്പിടാവശ്യം |
| 59<br>കൃഷ്ണൻ | വെൽനിറ്റ് ഹോളോബ്രിക്സ് | 14/348 | കൃഷ്ണൻ,<br>തുവ്വക്കാട്ട് പറമ്പിൽ,<br>എടക്കുളം | പാർപ്പിടാവശ്യം |
| 76<br>പഞ്ചമി.കെ | ബ്യൂട്ടി പാർലർ | 12/273 | രമേശൻ,<br>നടുക്കണ്ടി<br>എടക്കുളം | പാർപ്പിടാവശ്യം |
| 80<br>സബിലേഷ്.എൻ.പി | ബാർബർ ഷോപ്പ് | 7/249 | വി.കെ. അബൂബക്കർ,<br>വലിയകുളങ്ങര,<br>ചേലിയ | പാർപ്പിടാവശ്യം |
| 98<br>ജ്യോതിഷ്.കെ.വി | പലചരക്ക് കച്ചവടം | 1/91 | ജ്യോതിഷ്.കെ.വി,<br>കാക്കപ്പൊയിൽ,<br>മേലൂർ | പാർപ്പിടാവശ്യം |
| 196<br>ഷൈജു.പി.പി | ഗോവിന്ദ് ഇലക്ട്രിക്കൽസ് | 1/436 | കല്യാണി,<br>കോരങ്കണ്ടത്തിൽ, | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | | | മേല്ലൂർ | |
| 202<br>മിഥുൻ.ആർ.കെ | കാർ ആക്സസറീസ് | 2/180 | കുമാരൻ,<br>അരങ്ങാടത്ത് | പാർപ്പിടാവശ്യം |
| 286<br>സ്വജിത്ത്.പി | ധനിഷ്ട ട്രേഡേഴ്സ് | 1/467 | വൽസരാജ്,<br>വാഴവളപ്പിൽ | പാർപ്പിടാവശ്യം |
| 99<br>ഗിരീഷ്.വി.വി | ശ്രീ ഓട്ടോ മൊബൈൽസ് | 11/14 | കെട്ടിടം നിലവിലില്ല | |
| 104<br>ദിലീപ് കുമാർ.എം.പി | വാടക സ്റ്റോർ | 1/489 | കെട്ടിടം നിലവിലില്ല | |
| 112<br>ശ്രീനിവാസൻ | പലച്ചരക്ക് കച്ചവടം | 8/19 A | കെട്ടിടം നിലവിലില്ല | |
| 128<br>സി.കെ. ബാലകൃഷ്ണൻ | പലച്ചരക്ക് കച്ചവടം | 7/451 B | കെട്ടിടം നിലവിലില്ല | |
| 154<br>ബാബു.എം.പി | ഹോട്ടൽ | 1/221 A | കെട്ടിടം നിലവിലില്ല | |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പല ലൈസൻസ് അപേക്ഷകളിലും ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാകുന്നു. ഇത് ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് ഇടയാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് നികുതി പുനഃനിർണ്ണയിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-10 വാണിജ്യ കെട്ടിടത്തിന് നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി മാറ്റങ്ങൾ വരുത്തി

ഗ്രാമപഞ്ചായത്തിൽ വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ടവിരുദ്ധമായ മാറ്റങ്ങൾ വരുത്തുന്നതായി കാണുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 1/436 H,I,J,K,L |
| കെട്ടിട ഉടമ | കരുണൻ,<br>കോരൻക്കണ്ടത്തിൽ, ചെങ്ങോട്ടുകാവ് |

| | |
|---|---|
| | |
| റീ സർവേ നമ്പർ | 10/1A, 10/28 |
| വില്ലേജ് | ചെങ്ങോട്ടുകാവ് |
| വാർഡ് നമ്പർ | 1 - അരങ്ങാടത്ത് |
| കെട്ടിടത്തിന്റെ ഉപയോഗക്രമം (സഞ്ചയ പ്രകാരം) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| പെർമിറ്റ് നമ്പർ | BL No.A3-BA(48470)/2021 തീ-30.12.2020 |

ഒക്യുപെൻസി സർട്ടിഫിക്കറ്റ്(നം.A3/6968/2020, തീ-05.04.2022) പ്രകാരമുള്ള ഏരിയ സ്റ്റേറ്റ്മെന്റ് താഴെ കൊടുക്കുന്നു

| | |
|---|---|
| New Construction Mercantile/ Commercial | 170.4 $M^2$ |
| Existing Built Up Area ( Residential) | 100 $M^2$ |
| Existing Built Up Area ( Commercial) | 136.33 $M^2$ |
| Total Built Up Area | 431.36 $M^2$ |
| Total Existing Built UpArea | 236.33 $M^2$ |

ഫയൽ നം. A3/6968/2020 തീ-05.04.2022 പ്രകാരം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ റീ.സ നം. 10/1A, 10/28 ൽ ശ്രീ. കരുണൻ, കോരൻക്കണ്ടത്തിൽ എന്നവരുടെ വാണിജ്യകെട്ടിടത്തിന് ഒക്യുപെൻസി അനുവദിച്ചിരുന്നു. നമ്പറിംഗിന് ശേഷം കെട്ടിടത്തിന്റെ സ്ഥല പരിശോധന 15.10.2024 ന് നടത്തിയപ്പോൾ താഴെപറയുന്ന അപാകതൾ കണ്ടെത്തി.

പാർക്കിംഗ് സൗകര്യം

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29, പട്ടിക 10 പ്രകാരം, 75 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 1200 ച.മീ വരെ തറ വിസ്തൃതിക്ക് 90 ച.മീ, തറ വിസ്തൃതി അതിൽ കവിഞ്ഞുള്ളതിന് 60 ച.മീ എന്ന നിരക്കിൽ പാർക്കിംഗ് ഒരുക്കേണ്ടതാണ്. അതായത് 236.33 ച.മീ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 3 കാർ പാർക്കിംഗ് 2.7m X 5.5m അളവിലും 1 ഭിന്നശേഷി കാർ പാർക്കിംഗ് 3.5m X 5.5m അളവിലും സ്ഥലം ഒരുക്കേണ്ടതാണ്. ഇവ അംഗീകരിച്ച പാർക്കിംഗ്, സൈറ്റ് കംപ്ലീഷൻ പ്ലാനുകളിൽ കാണിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ പാർക്കിംഗ് പ്ലാനിൽ Parking-1, Parking -2, Parking-3 ആയി രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ അനധികൃതമായി നിർമ്മാണം നടത്തിയതായി കണ്ടു. കംപ്ലീഷൻ പ്ലാൻ പ്രകാരം 3 കാർ പാർക്കിംഗ് കാണിച്ച സ്ഥലത്ത് 15.5 M X 5.9 M ഏരിയയിൽ ബേസ്മെന്റ് നിർമ്മാണം നടത്തി ഫ്ലോർ ടൈൽസ് പതിച്ച് വാണിജ്യാവശ്യത്തിനായി അനുമതിയില്ലാതെ ഉപയോഗപ്പെടുത്തുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. ബേക്കറിയോട് ചേർന്ന് കിടക്കുന്ന Differently Abled Car Parking

സ്ഥലത്ത് 2.17 M X 5.58 M ഏരിയയിൽ ബേസ്മെന്റ് നിർമ്മാണം നടത്തി ഫ്ലോർ ടൈൽസ് പതിച്ച് ഗ്രിൽസ് ഇട്ട് അടച്ചുപൂട്ടുള്ള രീതിയിൽ നിർമ്മാണം നടത്തി സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നു.

ശുചീകരണ സൗകര്യം

കെട്ടിടത്തിന് ബാധകമായ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34, പട്ടിക 13 പ്രകാരം ഓരോ 5.9 നിർമ്മിത വിസ്തീർണ്ണത്തിനും ഒരാൾ എന്ന തോതിൽ കുറയാതെ ഓരോ കെട്ടിടത്തിനും ശുചീകരണ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

കംപ്ലീഷൻ പ്ലാൻ, സർവീസ് പ്ലാൻ എന്നിവ പ്രകാരം കെട്ടിടത്തിന്റെ പുറക് വശത്ത് ഡിഫ്രന്റ്‌ലി ഏബിൾഡ് ടോയിലറ്റടക്കം 3 ടോയിലറ്റുകൾ കാണിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് പരിശോധിച്ചപ്പോൾ ഒരു ടോയിലറ്റ് മാത്രമാണുള്ളത്. ടോയിലറ്റിന്റെ പുറക് വശത്തായി പ്ലാനിൽ ഇല്ലാത്ത 2.65m X 9 M ഏരിയയിൽ അനധികൃതമായി ബേസ്മെന്റ് നിർമ്മാണം നടത്തി കിച്ചൺ ഏരിയ ആയി ഉപയോഗപ്പെടുത്തുന്നു.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്.

നമ്പർ അനുവദിച്ച ശേഷം ചട്ടത്തിന് വിരുദ്ധമായി പാർക്കിംഗ്, ശുചീകരണ സൗകര്യങ്ങളിൽ മാറ്റങ്ങൾ വരുത്തിയതിനും അനധികൃതമായി നിർമ്മാണം നടത്തിയതിനും നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി-അപാകതകൾ

(I)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2023-24 സാമ്പത്തിക വർഷം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. മനോജ്.ടി.കെ

2) ശ്രീ. ഷൈജു.കെ

3) ശ്രീ. പ്രജോഷ്.കെ.വി

4) ശ്രീ. ഒ.എം.ശിവദാസൻ

5) ശ്രീ. രാഹുൽ.സി.എം

6) ശ്രീ. ഗോകുൽ.ആർ.എസ്

7) ശ്രീ. പ്രസാദ്.യു.എം

8) ശ്രീ. രതീഷ് കുമാർ.വി.കെ

9) ശ്രീ. മനോജ്.ടി.കെ

10) ശ്രീ. ആദർശ്.കെ.വി

Ii) വാടക വരുമാനം ആർജ്ജിക്കുന്ന കെട്ടിടഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. കെട്ടിട വാടകക്കാരുമായി കെട്ടിട ഉടമയുണ്ടാക്കിയ വാടക കരാർ പരിശോധിച്ചതിൽ നിന്നും വലിയ തുക പ്രതിമാസ വാടകയായി ഈടാക്കുന്ന കെട്ടിട ഉടമകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഡി&ഒ ലൈസൻസ് നം | വാടക എഗ്രിമെന്റ് പ്രകാരമുള്ള പ്രതിമാസ വാടക | കെട്ടിട ഉടമ |
|---|---|---|---|---|
| 1 | 13/56 B | 351 | 15,000/- | സയിദ് ഹസൻ, ബാഫഖി മൻസിൽ, എടക്കുളം(PO) |
| 2 | 12/645 C | 346 | 18,000/- | പ്രമോദ്.വി.പി, വള്ളിക്കാട്ട് പറമ്പിൽ, ചെങ്ങോട്ടുകാവ് |
| 3 | 12/189 A,B | 338 | 11,000/- | എ.എം.പി. അബ്ദുൾഖാദർ, ചെങ്ങോട്ടുകാവ് |
| 4 | 10/139 C | 350 | 8,000/- | ബാബു.വി.കെ, പൗർണ്ണമി, എടക്കുളം ചെങ്ങോട്ടുകാവ് |

| | | | | |
|---|---|---|---|---|
| 5 | 2/180 B | 337 | 7,000/- | അബ്ദുൾ ഗഫൂർ, മഹിമ, നടുവണ്ണൂർ |

Iii).അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) സി.ടി.കെ വുഡ് ഇൻഡസ്ട്രീസ്

2) അക്ഷയ ചെങ്ങോട്ടുകാവ്

3) തീരം റെസ്റ്റോറന്റ്

4) കാർ & കെയർ

5) നൈറ്റിൻഗേൾ മെഡിക്കൽ മിഷൻ ഹോമിയോപ്പതി ഹോസ്പിറ്റൽ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലും ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും വരുമാനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയ തുകയും രസീത് നമ്പറും മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

സഞ്ചയ അസസ്സ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2136 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഓഡിറ്റ് വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 367 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 455 ആണ്. അതായത് അവശേഷിക്കുന്ന കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല എന്ന് 2018-19 (ഖ: 1-18), 2020-21 (ഖ: 1-12), 2022-23 (ഖ: 1-10) വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/23-24, തീ-16.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-12 സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി - വിവരങ്ങളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂആസ്തികളുടെ വിവരങ്ങളിൽ കൃത്യത വരുത്തേണ്ടതുണ്ട്. ആസ്തി രജിസ്റ്റർ പ്രകാരം ആകെ 58 ഭൂമികൾ സ്ഥാപനത്തിലുണ്ട്. എന്നാൽ 27 ആധാരങ്ങൾ മാത്രമാണ് സ്ഥാപനത്തിന്റെ കൈവശമുള്ളത്. (ഡോക്യുമെന്റ് രജിസ്റ്ററിൽ 26 ആധാരങ്ങളുടെ വിവരമേ രേഖപ്പെടുത്തിയിട്ടുള്ളൂ) മറ്റ് ആസ്തികളുടെ രേഖകൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതുണ്ട്. മേല്പറഞ്ഞ ആസ്തികളുടെ കാര്യത്തിൽ വർഷങ്ങളായി ഭൂനികുതി ഒടുക്കിയിട്ടില്ലെന്ന് കാണുന്നു. ചില ഭൂമികളുടെ കാര്യത്തിൽ നികുതി ഒടുക്കുന്നതിനായി തണ്ടപ്പേർ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ഭൂമികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടോയെന്നും രേഖകളുടെ നിജസ്ഥിതിയും പരിശോധിക്കേണ്ടതും എല്ലാ

ഭൂമികളുടേയും നികുതി ഒടുക്ക് ഉറപ്പാക്കേണ്ടതുമുണ്ട്.

ഭൂമികളുടെ ഉടമസ്ഥത സംബന്ധിച്ച വ്യക്തത കുറവ് മൂലം നാഷണൽ ഹൈവേയ്ക്ക് ഭൂമി വിട്ടുനല്കിയയിനത്തിൽ ലഭിക്കേണ്ട അർഹതപ്പെട്ട തുക പോലും സ്ഥാപനത്തിന് ലഭ്യമാകാത്ത അവസ്ഥയുണ്ട്. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മൃഗാശുപത്രി, ഹോമിയോ ഡിസ്പെൻസറി എന്നിവ പ്രവർത്തിച്ചിരുന്ന 12/411 നമ്പർ കെട്ടിടവും അത് സ്ഥിതിചെയ്യുന്ന 6 സെന്റ് സ്ഥലവും ഹൈവേ വികസനത്തിന്റെ ഭാഗമായി അക്വയർ ചെയ്തെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിയാത്തതിനാലാണ് തുക ലഭ്യമാകാത്തത്. ചെങ്ങോട്ട് കാവ് വില്ലേജിലെ റീ സർവ്വേ 75 ൽ 2 ബിയിൽ പെട്ട പ്രസ്തുത സ്ഥലം 12/3/1971ലെ GO(MS)63/71 LRD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചതാണെന്ന് ഭരണസമിതി മിനിട്സ് ഉൾപ്പടെയുള്ള രേഖകളിൽ പ്രതിപാദിച്ചു കാണുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് വില്ലേജ് രേഖകൾ ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല.

ആസ്തികളുടെ രേഖകൾ സംബന്ധിച്ചും ഹൈവേയ്ക്കായി നഷ്ടപ്പെട്ട ഭൂമിയുടെ നഷ്ടപരിഹാരം സംബന്ധിച്ചും തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്

## 1-13 ബാധ്യതയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക നൽകി

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ലെ ചട്ടം 27 ൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും വർക്ക് ഓർഡർ /സപ്ലൈ ഓർഡർ/ഇന്റന്റ് പരിശോധിച്ച ശേഷം ക്രമത്തിലാണെന്ന് ബോധ്യപ്പെട്ടാൽ ഒരു ജേണൽ വൗച്ചർ വഴി അക്രൂ ചെയ്യേണ്ടതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ കാര്യത്തിലും വർക്ക് ഓർഡറിന്റേയും കരാറുകാരന്റെ ബില്ലിന്റേയും പിൻബലത്തോടെയുള്ള സാധനങ്ങളും സേവനങ്ങളും ലഭിച്ചത് സംബന്ധിച്ച ചെലവുകളുടെ കാര്യത്തിലും ഇത്തരം അക്രൂവൽ പതിവായി രേഖപ്പെടുത്തേണ്ടതാണ്. മറ്റ് റവന്യൂ ചെലവുകളുടെ കാര്യത്തിൽ പണം നല്കുമ്പോൾ മാത്രമാണ് ചെലവ് രേഖപ്പെടുത്തേണ്ടത്. എന്നാൽ ഈ ഇനങ്ങൾക്ക് വർഷാന്ത്യത്തിൽ കൊടുത്തു തീർക്കാൻ തുക ബാക്കിയുണ്ടെങ്കിൽ വർഷാന്ത്യത്തിൽ നിർബന്ധമായും അക്രൂ ചെയ്യേണ്ടതുണ്ട്.

എന്നാൽ ഈ നടപടിക്രമം പാലിക്കാതെ, വിവിധ ഇനങ്ങൾക്ക് മുൻകാലങ്ങളിലെ തുകകൾ കൊടുക്കാൻ ബാക്കിയുണ്ടെന്ന് കാണിച്ച് തുക വിനിയോഗിച്ച് അക്കൗണ്ട് ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക കൊടുക്കേണ്ട കാലയളവ് | വൗച്ചർ നം/തീയതി | തുക |
|---|---|---|---|---|
| 1 | വെറ്ററിനറി സബ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക | 10/2022 മുതൽ 3/2023 വരെയുള്ള കാലയളവിലേത് | 22300148/1-6-23 | 2580/- |
| 2 | വെറ്ററിനറി ഡിസ്പെൻസറി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക | 3/2023 മുതൽ 5/2023 വരെയുള്ള കാലയളവിലേത് | 22300346/7-8-23 | 15000/- |
| 3 | പത്രത്തിന്റെ വില | 8/22 മുതൽ 3/2023 വരെയുള്ള | 22300059/24-4-23 | 1758/- |

| | | | | |
|---|---|---|---|---|
| | | കാലയളവിലേത് | | |

യഥാർത്ഥത്തിലുള്ള ചെലവായിരുന്നെങ്കിൽ ബിൽ ലഭിക്കുമ്പോൾ അക്രൂ ചെയ്യേണ്ടിയിരുന്ന ഈ ഇനങ്ങളുടെ ചെലവ് വർഷാന്ത്യത്തിലും അക്രൂ ചെയ്യാത്തതിനാൽ മേൽ വർഷങ്ങളിലെ ബാലൻസ് ഷീറ്റിൽ ഇവ ബാധ്യതയായി കാണിച്ചിട്ടില്ല. ബാധ്യതാ ഹെഡ്ഡിൽ പെടാത്ത ഇനത്തിന് തുക നല്കാനുള്ള കാര്യം വർഷങ്ങൾ കഴിഞ്ഞ് തിരിച്ചറിഞ്ഞതെങ്ങിനെയെന്നും ഇതിന്റെ ആധികാരികതയും കൃത്യതയും വ്യക്തമായതെങ്ങിനെയെന്നും വ്യക്തമല്ല. ഇതുകൊണ്ടുതന്നെ ചെലവിന്റെ ആധികാരികത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

കൂടാതെ, മുൻകാല ബില്ലുകൾ ലഭിച്ചത് ഓഡിറ്റ് വർഷത്തിൽ മാത്രമാണെങ്കിൽ മുൻകാല ചെലവ്(prior Period Expense) എന്ന തരത്തിലായിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ക്രമ നമ്പർ (1) പ്രകാരമുള്ള ചെലവ് 220210102 -(Stationery Expenses) എന്ന ഹെഡ്ഡിലും ക്രമ നമ്പർ (2) മുതൽ (4)വരെയുള്ളത് 220520199 (Other Professional Fees Except Legal Expenses) എന്ന ഹെഡ്ഡിലും ഓഡിറ്റ് വർഷത്തെ ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ചെലവ് കണക്കുകൾക്ക് കൃത്യതയില്ലെന്നു കാണിക്കുന്നു.

അപാകതകൾക്ക് വിശദീകരണം നല്കുന്നതിനൊപ്പം ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തുനികുതി പരിഷ്കരണം - വിവരശേഖരണം നടത്തിയെങ്കിലും തുടർപ്രവർത്തനങ്ങളില്ല

വൗച്ചർ നം . 22300668/2-12-23

ചെലവ് തുക- 122550/-

22.3.23 ലെ 77/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 12 ലെ നിർദ്ദേശാനുസരണം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി നിയമിച്ചവർക്ക്, വിവരശേഖരണം പൂർത്തിയാക്കിയത് അടിസ്ഥാനപ്പെടുത്തി മേൽ വൗച്ചർ പ്രകാരം 1,22,550/-രൂപ അനുവദിച്ചിട്ടുണ്ട്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഒരു കെട്ടിട നമ്പരിന് പരമാവധി 30/-രൂപ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഭരണസമിതി തീരുമാനത്തിന് വിധേയമായി നല്കാമെന്ന മേൽ ഉത്തരവിലെ നിബന്ധനപ്രകാരം 30/-രൂപ നിജപ്പെടുത്തുകയും വിവരശേഖരണം പൂർത്തിയായത് പരിഗണിച്ച് ഇതിന്റെ പകുതി തുകയായ 15/- രൂപ നിരക്കിൽ 8,170 കെട്ടിടങ്ങളുടെ തുക അനുവദിക്കുകയുമായിരുന്നു. എന്നാൽ 2023 നവംബർ മാസം തന്നെ വിവരശേഖരണം പൂർത്തിയാക്കി ഡാറ്റ സ്ഥാപനത്തിന് ലഭ്യമായെങ്കിലും നാളിതുവരെ ഒരു തുടർ നടപടിയും നികുതി പുനർ നിർണ്ണയിക്കുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. ഓരോ കെട്ടിടത്തിന്റെ വിവരവും ഓരോ റിപ്പോർട്ടായി ലഭ്യമായെങ്കിലും നാളിതുവരെ തുടർ നടപടികൾക്ക് സഹായകമാകും വിധം ഈ വിവരങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടില്ല. ഇതുകൊണ്ട് തന്നെ ക്രമവൽക്കരിക്കേണ്ടതും, നികുതി പുനഃനിർണ്ണയിക്കേണ്ടതും മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമായ കെട്ടിടങ്ങളുടെ വിശദാംശം ഒറ്റ നോട്ടത്തിൽ ലഭ്യമല്ല. ക്രമവൽക്കരണം ആവശ്യമായവയ്ക്ക് നോട്ടീസ് പുറപ്പെടുവിക്കുക, മറ്റുള്ളവയുടെ കാര്യത്തിൽ സഞ്ചയയിൽ ആവശ്യമായ ഡാറ്റാ എൻട്രി നടത്തുക തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി നിർവ്വഹിച്ച് പരിഷ്കരണ നടപടികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. പരിഷ്കരണ ഫലമായി നികുതിയിനത്തിൽ ലഭിക്കേണ്ട വൻതുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാകാത്ത സ്ഥിതിവിശേഷം സംജാതമായതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-15 തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് ഫയലുകൾ/വൗച്ചറുകളിൽ നിന്നും വ്യക്തമല്ല. എല്ലാ ചെലവുകളുടേയും നടപടിക്രമങ്ങൾ ആരംഭിക്കുന്നത്

ചെലവിനുള്ള ക്ലെയിം (ബിൽ,പേമന്റ് റിക്വസ്ററ്) ഓഫീസിൽ സമർപ്പിക്കപ്പെടുമ്പോൾ മാത്രമാണ്. എന്നാൽ ഫയൽ ആരംഭിക്കേണ്ടത് ചെലവിന് ആധാരമായ ആവശ്യം ഉന്നയക്കപ്പെടുമ്പോഴാണെന്ന് കാണാം. ഇതുകൊണ്ട് തന്നെ പേമന്റ് സമയത്ത് പേമെന്റ് നടത്തപ്പെടുന്ന സേവനത്തിന്റെ / സാധനത്തിന്റെ ആവശ്യകതയുണ്ടോ, ആവശ്യകത എവിടെ നിന്നു ഉയർന്നു വന്നു, വലിയ പർച്ചേസുകളുടെ കാര്യത്തിൽ ഭരണസമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാരമുണ്ടോ, സാധനമോ സേവനമോ വാങ്ങുന്നതിനുള്ള അനുവാദം ആരു നല്കി തുടങ്ങിയ കാര്യങ്ങൾ വെളിവാക്കപ്പെടുന്നില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ വിന്യസിപ്പിച്ചിട്ടും ഇത്തരം നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ലെന്നത് വീഴ്ചയാണ്. ഇത്തരത്തിൽ ഒരു സേവനത്തിനോ സാധനത്തിനോ പേമെന്റ് നടത്തുമ്പോൾ അതിന് അംഗീകാരം നല്കുന്ന മേൽനോട്ട സംവിധാനത്തിലെ വിവിധ തട്ടുകളായ ജെ.എസ്/എച്ച്.സി, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ചെലവുമായി ബന്ധപ്പെട്ട മേല്പറഞ്ഞ കാര്യങ്ങളൊന്നും അറിയാൻ കഴിയുന്നില്ലെന്നത്, ക്രമക്കേടിനുള്ള സാധ്യത കൂട്ടുന്നതാണ്. ഒരു അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ, ആവശ്യമുണ്ടെങ്കിൽ മാത്രമുള്ള ഒരു ഘടകം മാത്രമാണ് തുക സ്വീകരിക്കുന്നതോ, ചെലവഴിക്കുന്നതോ എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. പേമെന്റ് വൗച്ചറുകളുടെ കാര്യത്തിൽ ഇപ്രകാരം ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്. കൂടാതെ, ഒരു അപേക്ഷയോ മറ്റോ ഫ്രണ്ട് ഓഫീസിൽ ലഭിക്കുമ്പോൾ ഫയൽ ഫ്രണ്ട് ഓഫീസിൽ ലഭിച്ചിട്ടുണ്ട് എന്ന് മാത്രമാണ് ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തുന്നത്. അത് എന്തിനെന്നോ ആരിൽ നിന്നെന്നോയുള്ള അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തപ്പെടുന്നില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിന്റെ പരിമിതി ഈ അപാകതകൾക്ക് കാരണമാകുന്നുണ്ടെങ്കിൽ അക്കാര്യം പരിഹരിക്കാൻ ഐ കെ എം മുമായി ബന്ധപ്പെടേണ്ടതുമാണ്.

ഓഫീസ് കുറിപ്പിൽ ഫ്രണ്ട് ഓഫീസ് മുതൽ സൂപ്പർവൈസറി തലം വരെ, കൈകാര്യം ചെയ്യുന്ന ഫയലിന്റെ വിശദാംശങ്ങൾ നല്കുന്നില്ല എന്നതും അപാകതയായി കാണുന്നു. ഓഫീസ് കുറിപ്പിന്റെ ടെമ്പ്ലേറ്റിൽ ലഭ്യമായ വിവരങ്ങൾ മാത്രമാണ് എല്ലാ തലത്തിലുമുള്ള ജീവനക്കാരും മിക്കവാറും രേഖപ്പെടുത്തിക്കാണുന്നത്. ഇതുകൊണ്ട് തന്നെ കറന്റ് ഫയൽ ഭാഗത്ത് അപേക്ഷ പരിശോധിച്ചാൽ മാത്രമാണ് ഫയലിന്റെ സ്വഭാവവും ആവശ്യകതയും വ്യക്തമാകുന്നുള്ളൂ. സോഫ്റ്റ്‌വെയറിൽ ആവശ്യമായ കുറിപ്പുകൾ രേഖപ്പെടുത്താൻ സൗകര്യമുണ്ടായിട്ടും ഇക്കാര്യങ്ങൾ ചെയ്യാത്തത് ഓഫീസിന്റെ വീഴ്ചയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

## 1-16 ഫയൽ നടപടികൾ പൂർണ്ണമായും ILGMSൽ - എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് ചെയ്യപ്പെട്ടില്ല

സ്ഥാപനത്തിന്റെ ധനപരവും ഭരണപരവുമായ എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് വർഷത്തിൽ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നിർവ്വഹിക്കപ്പെട്ടത്. ഓഡിറ്റ് നിർവ്വഹിക്കുന്നതിന് ഈ സോഫ്റ്റ്‌വെയറിൽ ഓഡിറ്റർക്ക് ലോഗിൻ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇതിൽ സാമ്പത്തിക ഇടപാടുകൾ ഉള്ള ഫയലുകൾ മാത്രമാണ് നിലവിൽ പ്രത്യക്ഷത്തിൽ കാണാൻ സാധ്യമാകുന്നത്. ഇതുമൂലം സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത ഭരണപരമായ നടപടികളൊന്നും തന്നെ ഓഡിറ്റിന്റെ ശ്രദ്ധയിൽ വരുന്നില്ല. പരാതികൾ, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ, പെൻഷൻ അപേക്ഷകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകൾ ചില ഉദാഹരണങ്ങളാണ്. നിലവിലെ പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും മാന്വലുകളും പ്രകാരം സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റിന് വിധേയമാക്കേണ്ടതുള്ളതിനാൽ ഓഡിറ്റർ ലോഗിനിൽ എല്ലാ വിവരങ്ങളും ലഭ്യമാകാത്തത് ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. നിലവിൽ ഫയൽ എക്സ്ട്രാക്ട് എന്ന ഒരു ടാബ് ഫയൽ തിരയുന്നതിന് ലോഗിനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിശോധിക്കാൻ ഉദ്ദേശിക്കുന്ന ഫയലിന്റെ നമ്പർ ലഭിച്ചാൽ മാത്രമാണ് ഇത് സാധ്യമാകുക . മൈനർ ഫങ്ഷൻ കോഡ് അടിസ്ഥാനത്തിലോ, വിഷയാടിസ്ഥാനത്തിലോ കൈകാര്യം ചെയ്ത എല്ലാ ഫയലുകളുടേയും റിപ്പോർട്ട് ലോഗിനിൽ ലഭ്യമാക്കിയാൽ മാത്രമാണ് ഈ

ടാബിലൂടെ പരിശോധന സാധ്യമാകുകയുള്ളൂ.

കൂടാതെ 2011 ലെ പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 10(3) ൽ ഓരോ തരം വൗച്ചറുകൾക്കും പ്രത്യേകം ക്രമനമ്പറുകൾ നല്കണമെന്നും, ചട്ടം 10(4) ൽ വൗച്ചറുകളുടെ ക്രമനമ്പർ തുടർച്ചയ്ക്ക് വേണ്ടി ഓരോ വർഷവും ഓരോ ഫണ്ടുമായി ബന്ധപ്പെട്ട ഓരോ തരം വൗച്ചറുകൾക്കും ഓരോ ക്രമനമ്പർ ലിസ്റ്റ് സൂക്ഷിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം പേമെന്റ് വൗച്ചർ ഉൾപ്പെടെ വിവിധതരം വൗച്ചറുകളുടെ ക്രമനമ്പർ ലിസ്റ്റ് ILGMS ൽ ലഭ്യമല്ല.

മേൽ പരിമിതികളിലാണ് ഓഡിറ്റ് നിർവ്വഹിക്കപ്പെട്ടത് എന്നതറിയിക്കുന്നതിനൊപ്പം തന്നെ IKM മുമായി ബന്ധപ്പെട്ട് ലോഗിനിൽ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു. ഇക്കാര്യത്തിലുള്ള സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-17 റവന്യൂ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ അപാകത

തനത് ഫണ്ടിൽ നിന്നും റവന്യൂ ചെലവുകൾ വഹിക്കുമ്പോൾ അവ ഐഎൽജിഎംഎസ് സോഫ്റ്റ്‌വെയറിൽ ചെലവായി രേഖപ്പെടുത്തുന്നതിൽ അക്കൗണ്ടിംഗ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ലെ ചട്ടം 27 ൽ ചെലവുകളുടെ അക്കൗണ്ടിംഗ് എങ്ങിനെയെന്ന് വിശദമാക്കുന്നുണ്ട്. ഇത് താഴെ കൊടുത്ത പ്രകാരമാണ്.

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും വർക്ക് ഓർഡർ /സപ്ലൈ ഓർഡർ/ഇന്റന്റ് പരിശോധിച്ച ശേഷം ക്രമത്തിലാണെന്ന് ബോധ്യപ്പെട്ടാൽ ഒരു ജേണൽ വൗച്ചർ വഴി അക്രൂ ചെയ്യേണ്ടതാണ്. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ കാര്യത്തിലും വർക്ക് ഓർഡറിന്റേയും കരാറുകാരന്റെ ബില്ലിന്റേയും പിൻബലത്തോടെയുള്ള സാധനങ്ങളും സേവനങ്ങളും ലഭിച്ചത് സംബന്ധിച്ച ചെലവുകളുടെ കാര്യത്തിലും മാത്രമേ ഇത്തരം അക്രൂവൽ പതിവായി രേഖപ്പെടുത്തുവാൻ പാടുള്ളൂ. മറ്റ് റവന്യൂ ചെലവുകളുടെ കാര്യത്തിൽ പണം നല്കുമ്പോൾ മാത്രമേ ചെലവ് രേഖപ്പെടുത്താവൂ. കൊടുത്തു തീർക്കാൻ ബാക്കിയുള്ള തുകകൾ വർഷാന്ത്യത്തിൽ മാത്രമേ അക്രൂ ചെയ്യേണ്ടതുള്ളൂ.

വ്യവസ്ഥ ഇതായിരിക്കെ തനത്ഫണ്ടിൽ നിന്നുള്ള എല്ലാ റവന്യൂ ചെലവുകളും ജേണൽ വഴി അക്രൂ ചെയ്ത് ബാധ്യതയാക്കി മാറ്റി ഈ ബാധ്യത തീർക്കുന്ന തരത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അക്രൂ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തവയൊഴികെയുള്ള റവന്യൂ ചെലവുകൾ വർഷാന്ത്യത്തിൽ നല്കാൻ ബാക്കിയാകുന്നുവെങ്കിൽ മാത്രം അക്രൂ ചെയ്താൽ മതിയെന്നിരിക്കെ നിലവിൽ അക്കൗണ്ട് ചെയ്യപ്പെടുന്നത് മേൽ ചട്ടത്തിന് വിരുദ്ധമാണെന്നു കാണാം. എല്ലാ റവന്യൂ ചെലവുകളും മറ്റ് ക്രഡിറ്റേഴ്സിന് നല്കാനുള്ള തുക (Amount Payable To Other Crediters) എന്ന ബാധ്യത ഹെഡ്ഡിൽ രേഖപ്പെടുത്തുന്നതിനാൽ തുക ആർക്ക് എന്തിനുവേണ്ടി നല്കിയെന്ന് ഭരണസമിതിയംഗങ്ങൾ ഉൾപ്പെടെയുള്ള സ്റ്റേക്ക് ഹോൾഡർമാർക്ക് കണക്കുകളിൽ നിന്നും പ്രത്യക്ഷത്തിൽ തിരിച്ചറിയാൻ കഴിയാതെ വരുന്നു.

മേൽ സാഹചര്യത്തിൽ ചട്ടങ്ങൾക്ക് വിരുദ്ധമായും സുതാര്യത പ്രത്യക്ഷത്തിൽ ബോധ്യപ്പെടാത്ത തരത്തിലും കണക്കുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് നേരിട്ട് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ കഴിയില്ലെങ്കിലും അപാകത ബന്ധപ്പെട്ട വേദികളിൽ ശ്രദ്ധയിൽപെടുത്തി പരിഹരിക്കേണ്ടതായിരുന്നു എന്ന കാര്യം കൂടി ശ്രദ്ധയിൽ പെടുത്തുന്നു.
അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-18 വാർഡ് ശുചീകരണ പ്രവർത്തനം- ചെലവ് നടപടിക്രമത്തിൽ അപാകത

ലെഡ്ജർ നം – 230800110-സാനിട്ടേഷൻ ചെലവുകൾ

തുക - 155000/-

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ഓടകൾ ശുചിയാക്കുന്നതിനാണ് മേൽ ഹെഡ്ഡിൽ നിന്നും പ്രാധാനമായും തുക വിനിയോഗിച്ചിരിക്കുന്നത്. രേഖകൾ പരിശോധിച്ചതിൽ വിവിധ വൗച്ചറുകൾ

പ്രകാരം വിവിധ വാർഡുകളിലെ മെമ്പർമാർക്കാണ് തുക അനുവദിച്ചിരിക്കുന്നതെന്ന് കാണുന്നു. മെമ്പർമാർ തുക വിനിയോഗിച്ച് ബിൽ ഹാജരാക്കുന്ന മുറയ്ക്ക് തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കുകയായിരുന്നു. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ വാർഡ് സാനിട്ടേഷൻ കമ്മിറ്റികളാണ് നിർവ്വഹിക്കേണ്ടതെന്നും ഇതിനുള്ള തുക കമ്മിറ്റിയുടെ അക്കൗണ്ടിലേക്കാണ് അനുവദിക്കേണ്ടതെന്നുമിരിക്കെ മെമ്പർമാർ നേരിട്ട് പ്രവർത്തനം നടത്തി തുക വിനിയോഗിച്ചത് ശരിയല്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

## 1-19 ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് - അപാകതകൾ

പ്രോജക്ട് നം. - 13/23-24

പ്രോജക്ട് - ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ്

നിർവ്വഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 3,00,000 | 3,00,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,60,614 | 1,60,614 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,30,647 | 1,30,647 |
| ആകെ | 5,91,261 | 5,91,261 |

ക്ഷീരസഹകരണസംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീര കർഷകർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും 3 രൂപ നിരക്കിൽ സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഫയലിൽ ലഭ്യമല്ല.

Ii) ക്ഷീരസഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പാൽ അളന്നതിന്റെ രേഖകളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടത്. ഗുണഭോക്താക്കൾ സൊസൈറ്റികളിൽ പാൽ അളന്നതിന്റെ രേഖകൾ ക്ഷീരസഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. സബ്സിഡി നൽകുന്നതിന് പാലിന്റെ അളവ് സംബന്ധിച്ച ഡയറി എക്സ്റ്റെൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റാണ് ഫയലിനോടൊപ്പം സമർപ്പിച്ചിട്ടുള്ളത്.

Iii) 28.05.22 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ(കൈ) നം. 115/2022 ഖണ്ഡിക 2.15 പ്രകാരം സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 500000 രൂപയാണ്. അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകളോ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല .

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 /23-24, തീ-16.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിപ്രകാരം 2022 -23 സാമ്പത്തിക വർഷത്തിൽ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ച ഭവന നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് മനസ്സിലാവുന്നു. കരാറിൽ ഏർപ്പെട്ട 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും പാലിക്കപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | എഗ്രിമെന്റ് തീയതി | അവസാന ഗഡു കൈപ്പറ്റിയ തീയതി | നാളിതുവരെ കൈപ്പറ്റിയ തുക | പൂർത്തിയായ സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | ഷീബ, W/O ജയൻ, എടവലത്ത്(H) (ലൈഫ്-എസ്.സി) | 13 | 03.03.2023 | 28.03.2023 | 40,000 | ബേസ്മെന്റ് പൂർത്തിയായിട്ടില്ല |
| 2 | സീഷ്മ, അനീഷ്, വെണ്ണക്കാട്ടുകുനിയിൽ, എടക്കുളം (ലൈഫ്-എസ്.സി) | 10 | 15.03.2022 | 21.03.2022 | 40,000 | ബേസ്മെന്റ് പൂർത്തിയായിട്ടില്ല |
| 3 | ദീപ്തി.വി.പി, W/O ജിനേഷ് വെള്ളാംപൊട്ടിൽ, (ലൈഫ്-എസ്.സി) | 9 | 28.02.2023 | 12.07.2024 | 1,41,288 | ബേസ്മെന്റ് |
| 4 | രാധ, D/O പത്മനാഭൽ, പുളിയുള്ളതിൽ മീത്തൽ (ലൈഫ്-എസ്.സി) | | 03.02.2023 | 30.03.2024 | 1,40,000 | ലിന്റൽ |
| 5 | ജാനു, ഉണ്ണികൃഷ്ണൻ, എടക്കുളം (ലൈഫ്-ജനറൽ) | 13 | 21.02.2023 | 25.06.2024 | 2,50,000 | ലിന്റൽ |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/2018/ ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-21 മൽസ്യത്തൊഴിലാളികൾക്ക് വല നൽകൽ പദ്ധതിയിലെ അപാകത

നിർവഹണം : ഫിഷറീസ് സബ് ഇൻസ്പെക്ടർ

പ്രൊജക്ട് നമ്പർ : 86/23-24

പ്രൊജക്ട് : മൽസ്യത്തൊഴിലാളികൾക്ക് വല നൽകൽ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 1,80,000 | 1,80,000 (ബിൽ സാങ്ഷൻ നം-180, തീ-14.11.23) |
| ഗുണഭോക്തൃ വിഹിതം | 60,000 | 60,000 |
| ആകെ | 2,40,000 | 2,40,000 |

ഫണ്ട് : വികസന ഫണ്ട് (ജനറൽ)

അടങ്കൽ : 2,62,400 /-

ചെലവ് : 2,28,300/-

ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾക്ക് വല വാങ്ങി നൽകുക വഴി അവർക്ക് വരുമാനവും തൊഴിലും ഉണ്ടാക്കുന്നതിനാണ് മേൽ പ്രൊജക്ട് നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്ത് വിഹിതമായി 45,000 രൂപയും ഗുണഭോക്തൃ വിഹിതമായി 15,000 രൂപയും ആകെ 60,000 രൂപയ്ക്ക് 4 മത്സ്യത്തൊഴിലാളികൾക്ക് വല കൊടുക്കുന്നതിനായി മത്സ്യഫെഡ് വ്യാസാ സ്റ്റോറിന് ബിൽ സാങ്ഷൻ നം-180, തീ-14.11.23 പ്രകാരം 2,40,000 കൈമാറിയിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ ത.സ്വ.ഭ.വ, തീ-28.05.2022 സുഭിക്ഷ കേരളം പദ്ധതി-ഫിഷറീസ്- സബ്സിഡി മാർഗ്ഗരേഖ 6.4.3.3 പ്രകാരം നാല് വർഷത്തിൽ ഒരിക്കൽ മാത്രമാണ് മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യത്തിന് അർഹത.

| മത്സ്യതൊഴിലാളിയുടെ പേര്,വിലാസം | വാർഡ് | മത്സ്യതൊഴിലാളി റജിസ്ട്രേഷൻ നം |
|---|---|---|
| പവിത്രൻ.പി.പി, പാറമ്മൽതാഴ,എടക്കുളം | 15 | 389 |
| റസാക്ക്, വാണികപീടികയിൽ | 15 | 827 |
| യൂസഫ് , ഉരുത്തിപറമ്പിൽ, വളപ്പിൽ | 15 | 385 |

| | | |
|---|---|---|
| മിത്രൻ, പാറക്കൽതാഴ, പൊയിൽക്കാവ് | 14 | 425 |

മേൽ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് കഴിഞ്ഞ നാല് വർഷത്തിൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഫിഷറിസ് വകുപ്പിൽ നിന്നോ ഗ്രാമപഞ്ചായത്തിൽ നിന്നോ നൽകിയ സാക്ഷ്യപത്രം പ്രോജക്ട് ഫയൽ പരിശോധിച്ചപ്പോൾ ലഭ്യമായില്ല. സബ്സിഡി മാർഗ്ഗരേഖ 6.4.3.3 പ്രകാരമുള്ള നിബന്ധന പാലിച്ചു എന്ന് ഉറപ്പുവരുത്താതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26, തീ-16.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 സ്കോളർഷിപ്പ് തുക മുഴുവൻ ലഭ്യമാക്കിയില്ല

പ്രോജക്ട് നം/ പേര് : 28/23-24. ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ : 1496000 .

ചെലവ്.1109300

നിർവ്വഹണ ഉദ്യോഗസ്ഥ : ഐസിഡിഎസ് സൂപ്പർവൈസർ.

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തികവർഷം ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് നൽകേണ്ട മുഴുവൻ തുകയും ഓഡിറ്റ് വർഷം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ എം ആർ വിഭാഗത്തിൽ ഉള്ള 47 പേർക്ക് 28,500 രൂപ വീതം നൽകേണ്ടതായിരുന്നു. 25650/- രൂപയാണ് ഓഡിറ്റ് വർഷം നൽകിയിട്ടുള്ളത്. 2850/- രൂപ നൽകാൻ അവശേഷിക്കുന്നു. ആകെ അടങ്കൽ തുകയിൽ 1,45,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയെങ്കിലും ഓഡിറ്റ് വർഷം തുക ലഭ്യമായിട്ടില്ല. മുഴുവൻ തുകയും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് നിർവഹണഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ ജില്ലാപഞ്ചായത്ത് ഫണ്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാസാമൂഹ്യനീതി ഓഫീസർക്ക് കത്ത് നൽകിയിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം തുക ലഭ്യമാക്കാൻ കഴിയില്ല എന്ന മറുപടിയാണ് ലഭ്യമായതെന്നും, തുടർന്ന് 2024-25 സാമ്പത്തികവർഷം പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് തുക മുഴുവൻ നൽകി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്

## 1-23 അംഗൻവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ 27 അംഗൻവാടികളാണുള്ളത്. ഇതിൽ 23 എണ്ണം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 4 എണ്ണം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കുടിവെള്ള സൗകര്യമില്ലാതെ 7 അംഗൻവാടികളും ചുറ്റമതിൽ ഇല്ലാതെ ഒരംഗനവാടിയും പ്രവർത്തിക്കുന്നു. സ.ഉ(കൈ)നം.84/2022 L.S.G.D Dtd. 19.4.22 ലെ 8.8.2 പ്രകാരം അംഗൻവാടികൾക്ക് കെട്ടിടം, ചുറ്റമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതികസാഹചര്യമൊരുക്കൽ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകണം . പഞ്ചായത്തിൽ ഓഡിറ്റ് പിരീഡിൽ പ്രസ്തുത ലക്ഷ്യം കൈവരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ വിജയിച്ചതായി കാണുന്നില്ല. അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-24 കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നടുവിലെ വീട്ടിൽ കനാൽ റോഡ് എക്സസ് തുക അനുവദിക്കൽ (പ്രൊ.നം 258/2024) എന്ന പദ്ധതിയുടെ ഭാഗമായി കരാറുകാരനായ ഒ.എം.ശിവദാസൻ എന്നവർക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 45,000 രൂപ അനുവദിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ നടുവിലെ വീട്ടിൽ കനാൽ റോഡ് പ്രവൃത്തിയുടെ ടെണ്ടർ എക്സസ് തുക അനുവദിക്കുന്നതിനാണ് നടപ്പ് വർഷം പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. 2022-23 വർഷത്തിൽ കരാറുകാരന് 4,65,000 രൂപ അനുവദിച്ചിട്ടുള്ളതാണ്. പ്രവൃത്തിയുടെ ഭാഗമായി ആകെ 5,10,000 രൂപ കരാറുകാരന് അനുവദിക്കപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ വർക്ക് ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം 4,91,613 രൂപ മാത്രമാണ്. എന്നാൽ കരാറുകാരന് 5,10,000 രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. അധികമായി 18,387 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനെ തുടർന്ന് (നം.3/2023-24 , തിയ്യതി -09.10.2024 ) 18,387 രൂപ 10.10.2024 തിയ്യതിയിലെ 1240201505 നമ്പർ രശീത് പ്രകാരം തിരിച്ചടക്കുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്.

യഥാർത്ഥത്തിൽ ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് 26,613 രൂപ മാത്രം മതിയെന്നിരിക്കെ പദ്ധതിക്ക് 45,000 രൂപ അടങ്കൽ ചെയ്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ബിൽ തുകകൾക്ക് അംഗീകാരം നൽകുന്ന സാഹചര്യങ്ങളിൽ ക്ലെയിം ചെയ്യുന്ന തുകയുടെ കൃത്യത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കുന്നില്ല. തുക അധികം നൽകാനിടയായ സാഹചര്യം പരിശോധിക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-25 കരാർ ചമച്ചതിൽ അപാകത

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും കെ.രജിലേഷ്. കീഴരിയൂർ എന്ന പി.ഡബ്ലിയു.ഡി കരാറുകാരന് 62,91,043 രൂപ മൂല്യമുള്ള കരാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള ഫിനാൻസ് ആക്റ്റ്, 2018 പ്രകാരം 1-4-2018 മുതൽ എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ ആയിരം രൂപക്കും ഒരു രൂപ വീതമാക്കിയിട്ടുണ്ട്. ഇതിനായി കേരള സ്റ്റാമ്പ് ആക്റ്റ്, 1959 സെക്ഷൻ 5(f) ൽ ആവശ്യമായ ഭേദഗതിയും വരുത്തിയിട്ടുണ്ട്. ഭേദഗതി പ്രകാരം കരാർ തുകയുടെ ആയിരം രൂപക്ക് ഒരു രൂപ എന്ന നിരക്കിൽ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതുമാണ്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി 01.07.2022 തിയ്യതിയിൽ 200 രൂപയുടെ മുദ്രപത്രത്തിൽ കെ.രജിലേഷ്. കീഴരിയൂർ എന്നവരുമായി സെക്രട്ടറി കരാറിലേർപ്പെട്ടിട്ടുണ്ട് . കരാർ തുകയുടെ 0.001 % മായ 6291 രൂപക്ക് തുല്യമായ മൂല്യത്തിനുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടാതെ 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ചമച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.5/2023-24, തിയ്യതി- 10.10.2024) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കരാറുകാരന്റെ ചെലവിൽ 6100 രൂപ മൂല്യമുള്ള മുദ്രപത്രങ്ങൾ വാങ്ങി റദ്ദ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും ആയത് പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ മതിയായ മേൽനോട്ടം ഉറപ്പ് വരുത്തുന്നതിലുള്ള വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അസിസ്റ്റന്റ് സെക്രട്ടറി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ തൊഴിലുറപ്പ് പദ്ധതിയിൽ ചുമതലാപരമായ പങ്ക് വഹിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-26 അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകുന്നു.

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത് സ്റ്റാക്ക് ചെയ്ത

അളവിനാണ്. ഉദാ- വാളിക്കണ്ടി താഴ കുറ്റിയാടി താഴ കോൺക്രീറ്റ് പ്രവൃത്തി. പ്രവൃത്തി പ്രകാരം 40 MM മെറ്റൽ സ്റ്റാക്ക് മെഷർ ചെയ്തിരിക്കുന്നത് 28.968 ഘന മീറ്റർ അളവിലാണ്. മെഷർ മെന്റിൽ നിന്നും വോയിഡ് കുറവ് ചെയ്തിട്ടില്ല.

CPWD സ്പെസിഫിക്കേഷൻ ഖ 16.4 , പട്ടിക 16.12, 16.13 എന്നിവ പ്രകാരം സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടത്. 2019 ലെ CPWD സ്പെസിഫിക്കേഷൻ 16.4.1.2 പ്രകാരം " The Total Quantity So Arrived Shall Be Reduced By 7.5% To Arrive At The Net Quantity For Payment, In Cases Of Aggregates" എന്നും വ്യക്തമാക്കിയിട്ടുണ്ട്. DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം വോയിഡ് കുറവ് ചെയ്യാതെ അളവുകൾ രേഖപ്പെടുത്തുന്നതിനാൽ കരാറുകാരന് അധിക തുക നൽകാനിടയാകുകയും ആവശ്യമായ മെറ്റീരിയലുകൾ ഇല്ലാത്തതിനാൽ റോഡിന്റെ ഗുണനിലവാരം കുറയുകയും ചെയ്യുന്നുണ്ട്.

അളവുകളിലെ വ്യതിയാനത്തിൽ നിന്നും 1:4:8 റേഷ്യോ പാലിക്കാതെയാണ് കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്നും വ്യക്തമാകുന്നു. സാധനങ്ങളുടെ സംഭരണ അളവുകൾ രേഖപ്പെടുത്തുന്നതിലുണ്ടായ വീഴ്ച മൂലം കരാറുകാരന് അധിക തുക നൽകുന്നതിനും മതിയായ മെറ്റീരിയലുകൾ ഉപയോഗപ്പെടുത്താത്തതിനാൽ ആസ്തി നിർമ്മാണത്തിന്റെ ഗുണമേന്മ കുറയുന്നതിനും കാരണമായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.7/2023-24, തിയ്യതി- 10.10.2024) ലഭ്യമാക്കിയ മറുപടിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അപാകത മൂലം റോഡുകളുടെ ഗുണമേന്മയിൽ കുറവുണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമാണ് അറിയിച്ചത്. ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന മറുപടി അംഗീകരിക്കുന്നു. എന്നാൽ റോഡിന്റെ ഗുണമേന്മയിൽ കുറവുണ്ടായിട്ടില്ലെന്ന മറുപടി സ്വീകാര്യമല്ല. എം ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിക്കുന്നതിന് 28.968 ഘന മീറ്റർ 40 MM മെറ്റൽ ആവശ്യമുണ്ട്. എം ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം വോയിഡ് കുറവ് ചെയ്യുമ്പോൾ 91.54 ഘന മീറ്റർ അളവിൽ മാത്രമെ മെറ്റീരിയൽ സൈറ്റിൽ ലഭ്യമായിരുന്നുള്ളൂ എന്നത് വ്യക്തമാണ്. മതിയായ അളവിൽ മെറ്റീരിയൽ ലഭ്യമല്ലാത്തതിനാൽ വിഭാവനം ചെയ്ത ഗുണമേന്മയിൽ പ്രവൃത്തി നിർവ്വഹിക്കാൻ സാധിക്കുകയില്ല. അപാകത ആവർത്തിക്കുന്നില്ലെന്ന് മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 കാലഹരണപ്പെട്ട ആസ്തികൾക്ക് എ.എം.സി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി എന്ന പദ്ധതി മുഖേന കമ്പ്യൂട്ടറുകൾക്കും, പ്രിന്ററുകൾ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങൾക്കും ക്ലൗഡ് വിഷൻ ഐ.ടി സൊല്യൂഷൻ എന്ന സ്ഥാപനം മുഖേന 14.08.2023 മുതൽ 13.08.2024 വരെയുള്ള കാലയളവിലേക്ക് വാർഷിക പരിപാലന കരാറിലേർപ്പെട്ടിട്ടുണ്ട്. കരാറിൽ കാലഹരണപ്പെട്ട ആസ്തികളുടെ പരിപാലനവും ഉൾപ്പെട്ടിട്ടുണ്ട്. ഉദാ- ഡെല്ലിന്റെ രണ്ട് ലാപ്ടോപ്പുകൾക്ക് 3000 രൂപ നിരക്കിൽ എ.എം.സി ചമച്ചിട്ടുണ്ട്. 2013 പർച്ചേസ് ചെയ്ത പ്രസ്തുത ലാപ്ടോപ്പുകൾ കാലഹരണപ്പെട്ടതിനാൽ 2022-23 വർഷത്തിൽ പുതിയത് വാങ്ങിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിലും പഴയ ലാപ്ടോപ്പുകൾക്ക് എ.എം.സി യിൽ ഏർപ്പെട്ടതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. 12 പ്രിന്ററുകളുടെ പരിപാലനത്തിനായും എ.എം.സി മുഖേന കരാർ നൽകിയിട്ടുണ്ട്. ആയതിൽ കാലഹരണപ്പെട്ട പ്രിന്ററുകൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും തുടർ വർഷത്തെ എ.എം.സി യിൽ നിന്നും ആയവ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി

സ്വീകരിക്കേണ്ടതുമാണ്.

### 1-28 പൊതുമരാമത്ത് പ്രവൃത്തികളായി നടപ്പാക്കേണ്ടവ വാങ്ങൽ നടപടിയിലൂടെ സമാഹരിച്ചു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ 'ഇ.എം.എസ് ഹാൾ ഇന്റീരിയർ പ്രവൃത്തികൾ സ്റ്റേജ് നിർമ്മാണം' എന്ന പദ്ധതി മുഖേന ഫാൾസ് സീലിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, പെയിന്റിംഗ്, കർട്ടൻ പ്രവൃത്തികൾ ടെണ്ടർ നടപടിയിലൂടെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് മുഖേന നിർവ്വഹിച്ചിട്ടുണ്ട്. കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ 3,25,034 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹിച്ച പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്താതെയാണ് ബിൽ തുക അനുവദിച്ച് നൽകിയിട്ടുള്ളത്. DAR നിരക്കുകളേക്കാൾ ഉയർന്ന നിരക്കിലാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. പി.എം.സി/നോൺ പി.എം.സി ഏജൻസികൾ മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികളും പാലിച്ചിട്ടില്ല.

കെട്ടിടങ്ങളുടെ നിർമ്മാണ- പുനരുദ്ധാരണ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിന് ചുമതലപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിക്കാതെയും മൂല്യനിർണ്ണയം നടത്താതെയുമാണ് പ്രവൃത്തി നിർവ്വഹിച്ച് തുക നൽകിയത്. പരിശോധനയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷത്തിൽ ഇതേ ആവശ്യകത മുൻനിർത്തി ആസൂത്രണം ചെയ്ത പദ്ധതി 28.02.2022 തിയ്യതിയിലെ 42(1)/2022-4 നമ്പർ തീരുമാനത്തിലൂടെ ഭരണസമിതി ഉപേക്ഷിക്കുകയായിരുന്നു. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.33/2023-24, തിയ്യതി- 16.10.2024) സെക്രട്ടറി 18.10.2024 തിയ്യതിയിൽ ഇ-മെയിൽ മുഖേന ലഭ്യമാക്കിയ മറുപടിയിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിക്കുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കി ഡി.പി.സിയുടെ അംഗീകാരം വാങ്ങിയതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പ്രവൃത്തി ആസൂത്രണം ചെയ്തിരുന്നെങ്കിലും കാലതാമസമുണ്ടായതിനാലാണ് സെക്രട്ടറി പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മറുപടി ഭാഗികമായി അംഗീകരിക്കുന്നു.

പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പൊതു മരാമത്ത് സ്വഭാവമുള്ള പ്രവൃത്തികൾ കെട്ടിടങ്ങളുടെ സംരക്ഷകനായ അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായ വർക്കിംഗ് ഗ്രൂപ്പ് മുഖേന ആസൂത്രണം ചെയ്ത്, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കേണ്ടതിൽ കാലതാമസമോ വീഴ്ചയോ ഉണ്ടായാൽ ആയത് പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ടത് ഭരണസമിതിയാണ് . അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-29 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ ആസ്തി സൃഷ്ടിക്കൽ-പുനരുദ്ധാരണ പദ്ധതികൾ മെയിന്റനൻസ് പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ അടങ്കൽ ചെയ്യുന്നതിന് ആനുപാതികമായി പരിമിതപ്പെടുത്തുന്ന പ്രവണത സ്ഥാപനത്തിലുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഘടക സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ ആസൂത്രണം ചെയ്യുകയോ, പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് പുനരുദ്ധാരണം നടത്തുകയോ ചെയ്തിട്ടില്ല.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ

ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ച കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

പഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.30/2023-24, തിയ്യതി-16.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം മെയിന്റനൻസ് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

## 1-30 ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പിലാത്തോട്ടത്തിൽ നമ്പാറമ്പത്ത് മുക്ക് റോഡ്, തയ്യലക്കണ്ടി കീഴന മുക്ക് റോഡ് എന്നീ പദ്ധതികളുടെ ആസൂത്രണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

- റോഡ് നിർമ്മാണ-പുനരുദ്ധാരണ പ്രവൃത്തികൾ ഭാഗികമായാണ് ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. ആവശ്യകതക്ക് അനുസൃതമായി തുക അടങ്കൽ ചെയ്യാതെ, അടങ്കൽ ചെയ്യുന്ന തുകക്ക് ആനുപാതികമായി എസ്റ്റിമേറ്റ്/പ്രവൃത്തി പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കേണ്ടതാണെന്ന് 19.04.2022 തിയ്യതിയിലെ സ.ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.4(8) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ആസ്തി നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ ആസ്തി ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തണം. അടങ്കൽ ചെയ്യുന്ന തുകയ്ക്ക് അനുസൃതമായി ഭാഗികമായി മാത്രം പ്രവൃത്തികൾ ആസൂത്രണം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അഭികാമ്യമല്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കുന്നതാണ് ഉചിതമാവുക.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19/2023-24,തിയ്യതി- 16.10.2024.) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി ആസൂത്രണം ചെയ്ത സമയത്ത് മെയിന്റനൻസ് ആവശ്യമുണ്ടായിരുന്ന മുഴുവൻ ചെയിനേജിലുമാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നും മറ്റ് ഭാഗങ്ങൾ ജൽ ജീവൻ പ്രവൃത്തിയുടെ ഭാഗമായി തകർന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പിലാത്തോട്ടത്തിൽ നമ്പാറമ്പത്ത് മുക്ക് റോഡ് പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ റോഡ് പൂർണ്ണമായും തകർന്നതാണെന്നും പ്രവൃത്തി ആസൂത്രണം ചെയ്ത ചെയിനേജ് അടങ്കൽ ചെയ്ത തുകക്ക് ആനുപാതികമായി പരിമിതപ്പെടുത്തിയതാണെന്നും പരാമർശിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽ മറുപടി സ്വീകാര്യമല്ല.
തുടർ വർഷങ്ങളിലെ ആസൂത്രണത്തിൽ അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതും ആസ്തി പുനരുദ്ധാരണ പ്രവൃത്തികൾ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി മുൻഗണന

നിശ്ചയിച്ച് പൂർണ്ണമായ രീതിയിൽ നിർവ്വഹിക്കേണ്ടതുമാണ്.

## 1-31 വിവിധ ഫണ്ടുകളിൽ നിന്നും അധികം നൽകിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 75.8.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. 75.8.1 എന്ന ഇനത്തിന് പകരം ഫോം വർക്ക് ഇല്ലാത്ത 75.8.1.1A എന്ന ഇനമായിരുന്നു ഉപയോഗപ്പെടുത്തേണ്ടത്. 15.10.2024 തിയ്യതിയിൽ സ്ഥല പരിശോധന സി.ടി.കെ റോഡ് (പ്രോ.നം- 98/24, എസ്റ്റിമേറ്റ് നം-36347/2023) പ്രവൃത്തിക്ക് ഫോം വർക്ക് നിർവ്വഹിച്ചിട്ടില്ലെന്നും കാവുങ്ങൽ കനാൽ റോഡിൽ ഭാഗികമായി മാത്രമാണ് ഫോം വർക് നിർവ്വഹിച്ചിട്ടുള്ളതെന്നും പരിശോധനയിൽ ബോധ്യപ്പെടുകയും അപാകതക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകുകയും ചെയ്തിരുന്നു.(നം.18/2023-24,തിയ്യതി- 16.10.2024). അന്വേഷണ കുറിപ്പ് നൽകിയതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മേൽ പ്രവൃത്തികൾ മുഖേനയുള്ള അധിക തുക കുറവ് ചെയ്താണ് ഫൈനൽ ബില്ലുകൾ നൽകിയതെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പരിശോധനയിൽ ബില്ലുകളിൽ നിന്നും പെനാൽറ്റീസ് & ഫൈൻസ് എന്ന നിലയിൽ തുക കുറവ് ചെയ്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വാർഷിക കണക്കിൽ പ്രസ്തുത തുകകൾ വരവ് ശീർഷകങ്ങളിലായാണ് ബുക്ക് ചെയ്യുന്നത്. കാലി ടാർ വീപ്പകളുടെ വിലയും ഇപ്രകാരം സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്.

കരാറുകാർക്ക് ടാർ വീപ്പയുടെ വിലയിനത്തിലും മറ്റുമായി അധികം നൽകുന്ന തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ നിന്നുമുള്ള അധിക ചെലവാണ്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട ഫണ്ടുകളിലേക്കാണ് തിരിച്ചടക്കേണ്ടത്. ഇപ്രകാരം കരാറുകാർക്ക് അധികം നൽകിയതും തിരികെ പിടിച്ചതുമായ തുകകളുടെ വിശദാംശം അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതും സെക്രട്ടറി പ്രസ്തുത തുകകൾ ബാധ്യതാ ശീർഷകത്തിലേക്ക് മാറ്റുകയും ബന്ധപ്പെട്ട ഫണ്ട്/ഗ്രാന്റിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്. അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തുക തിരിച്ചടച്ചിട്ടുണ്ടെന്നാണ് പരാമർശിച്ചിട്ടുള്ളത്. എന്നാൽ വാർഷിക കണക്കിൽ പ്രസ്തുത തുകകൾ ബാധ്യതാ ശീർഷകത്തിൽ അല്ല ബുക്ക് ചെയ്തിരിക്കുന്നത്. തനത് ഫണ്ട് അക്കൗണ്ടിലാണ് തുക സൂക്ഷിച്ചിട്ടുള്ളത്. ഓരോ ഫണ്ടിലേക്കും തിരിച്ചടക്കേണ്ട തുക കണക്കാക്കി ആയത് തിരിച്ചടച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 കരാർ കാലാവധി നീട്ടി നൽകി ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിച്ചു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിന് 01.07.2022 തിയ്യതിയിൽ കെ.രജിലേഷ്. കീഴരിയൂർ എന്നവരുമായി സെക്രട്ടറി കരാറിലേർപ്പെടുകയും 2023-24 വർഷം വരെയുള്ള മെറ്റീരിയൽ പർച്ചേസുകൾ പ്രസ്തുത കരാർ മുഖേന നടത്തുകയും ചെയ്തിട്ടുണ്ട്. നടപടി ക്രമങ്ങളിൽ അപാകത ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് സാധനങ്ങൾ സമാഹരിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിലും കരാർ കാലാവധി ഒന്നിലധികം സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

2. കരാറിൽ വ്യവസ്ഥ ചെയ്യാതെ കരാർ കാലാവധി നീട്ടി നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. കെ.രജിലേഷ് എന്നവർ ലഭ്യമാക്കിയ ജാമ്യ നിക്ഷേപത്തിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടതിനെ തുടർന്ന് ആയത് ലഭ്യമാക്കിയിട്ടുണ്ട്. പരിശോധനയിൽ ജാമ്യ നിക്ഷേപത്തിന്റെ വാലിഡിറ്റി 01.07.2022 മുതൽ 01.07.2023 വരെ മാത്രമായിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷാവസാനം വരെ ഉയർന്ന നിരക്കിലുള്ളതും സാധുത ഇല്ലാത്തതുമായ കരാർ

പ്രകാരമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

4. ടെണ്ടർ പരസ്യത്തിൽ അംഗീകൃത ഏജൻസികളിൽ നിന്നോ, വിതരണക്കാരിൽ നിന്നോ , അംഗീകൃത കരാറുകാർ/ ഡീലർമാരിൽ നിന്നോ ടെണ്ടർ ക്ഷണിക്കുന്നതായാണ് ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കിയത്. എന്നാൽ കരാറിലേർപ്പെട്ട വ്യക്തി PWD കോൺട്രാക്ടറാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കരാർ തുകകൾ ഉയർന്ന നിരക്കിലുള്ളതായതിനാലും കരാർ വ്യവസ്ഥകൾ കാലഹരണപ്പെട്ടതിനാലും 2023-24 സാമ്പത്തിക വർഷത്തെ വാങ്ങലുകൾ ലാഭകരമായിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-33 മെറ്റീരിയലുകൾക്ക് മാർക്കറ്റ് നിരക്കിൽ അധികരിച്ച നിരക്കിൽ കരാർ നൽകി.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും സിമന്റ് ഒഴികെയുള്ള മെറ്റീരിയലുകൾക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കെ.രജിലേഷ് എന്ന പി.ഡബ്ലിയു.ഡി കരാറുകാരന് ടെണ്ടർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കരാർ കാലയളവിലെ മാർക്കറ്റ് നിരക്കിനേക്കാളും ഉയർന്ന നിരക്കിലാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് പ്രസ്തുത കാലയളവിൽ നിർവ്വഹിച്ച പൊതു മരാമത്ത് പ്രവൃത്തികളുടെ മെറ്റീരിയൽ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ വാങ്ങലുകൾ ലാഭകരമായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | സെക്യൂർ സോഫ്റ്റ്‌വെയറിലെ എസ്റ്റിമേറ്റ് നിരക്ക് | MGNREGS കരാർ നിരക്ക് | DSoR 2018 പ്രകാരമുള്ള നിരക്ക് (17.05.2024 മുതൽ ബാധകമായ നിരക്ക് 36.44 % കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ ) |
|---|---|---|---|
| 40 MM Stone Aggregate | 2034.9 | 1848/Cum | 1773 |
| 20 MM Stone Aggregate | 2034.9 | 1848/Cum | 1841 |
| 10 MM Stone Aggregate | 2034.9 | 1848/Cum | 1841 |
| Quarry Waste | 1250.0 | 1135/Cum | 750 |
| Course Sand | 2356.2 | 2139/Cum | 1841 |
| Portland Cement 50kg Bag | 576.0 | 523 / Bag | 337/Bag |

17.05.2024 തിയ്യതിയിൽ പ്രാബല്യത്തിലുള്ള നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 01.07.2022 തിയ്യതിയിലെ കരാർ നിരക്കുകളിൽ സിമന്റ്, ക്വാറി വേസ്റ്റ്, മണൽ എന്നിവ ഉയർന്ന നിരക്കിലാണ് സമാഹരിച്ചിട്ടുള്ളതെന്ന് കാണാം.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്ത് , 08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം സെക്യൂർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് LMR നിരക്കിനേക്കാൾ കൂടുതലായതിനാലും എം.ആർ.പി രേഖപ്പെടുത്തിയ പാക്ക് ചെയ്ത ഉത്പന്നമായതിനാൽ എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്നും സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430 രൂപയാണെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ കോഴിക്കോട് ജില്ലയിലെ സിമന്റിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക്

ടണ്ണിന് 9307 രൂപയാണ്. അതായത് ബാഗിന് 465 രൂപ മാത്രം. മേൽ സാഹചര്യത്തിലാണ് 50 കിലോ ബാഗിന് 523 രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുള്ളത്.

വാളിക്കണ്ടി താഴ കുറ്റിയാടി താഴ കോൺക്രീറ്റ് പ്രവൃത്തി എന്ന പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരൻ ബിൽ സമർപ്പിക്കുകയും 523 രൂപ നിരക്കിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട് . ബില്ലുകളിൽ വിതരണം ചെയ്ത സിമന്റിന്റെ ബ്രാൻഡ്, ഗ്രേഡ്, എം.ആർ.പി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാർ ചമക്കുന്ന കാലയളവിൽ സൂചനാ ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രസക്തമായിരിക്കെ സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കരാറുകാരന് ലഭ്യമാക്കുന്ന നടപടി പൂർത്തിയാകാത്ത സാഹചര്യത്തിൽ ലോക്കൽ മാർക്കറ്റ് നിരക്കിൽ തുക പരിമിതപ്പെടുത്തി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

സെക്യൂർ സോഫ്റ്റ്‌വെയറിലെ നിരക്കുകൾ നിർണ്ണയിച്ചതിലെ അപാകതകൾ പഞ്ചായത്തിന് ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നതിന് കാരണമായിട്ടുണ്ട്. സ.ഉ.(സാധാ).നം.1640/2016 / ത.സ്വ.ഭ.വ Dt.10.05.2016 നമ്പർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ലോക്കൽ മാർക്കറ്റ് നിരക്കിനെ ആധാരമാക്കിയായിരുന്നു നിരക്കുകൾ നിശ്ചയിച്ചിരുന്നത്. എന്നാൽ സ.ഉ.(സാധാ).നം.3159/2018 /ത.സ്വ.ഭ.വ , Dt.17.12.2018 ഉത്തരവിൽ വിശദീകരിച്ചിരിക്കുന്നത് DSR ഇനങ്ങളുടെ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പുകളുടെ പ്രൈസിലെ മാർക്കറ്റ് നിരക്കിനെ ആധാരമാക്കിയിട്ടാണെന്നാണ്. 31.01.2024 ലെ സ.ഉ.(സാധാ).നം.265/2024 /ത.സ്വ.ഭ.വ ഉത്തരവിൽ ഇപ്രകാരം നിരക്കുകൾ നിശ്ചയിക്കുന്നതിൽ അപാകതയുള്ളതിനാൽ നിരക്കുകൾ പുനർ നിർണ്ണയിക്കാൻ വേണ്ടി ജില്ലാ തല ടെക്നിക്കൽ കമ്മറ്റികൾ ഉൾപ്പെടെ പുനസംഘടിപ്പിക്കുകയും സ.ഉ(എം.എസ്) 31/2024/LSGD Dated 27/02/2024 നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മാർക്കറ്റ് നിരക്കുകൾ അതേപടി ഉപയോഗപ്പെടുത്തുന്ന നിലവിലെ രീതിയിൽ അപാകതകളുണ്ടെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ആറ് മാസ കാലയളവിൽ ജില്ലാ-സോൺ അടിസ്ഥാനത്തിൽ നിരക്കുകൾ ആറ് മാസ കാലയളവിൽ പുനർ നിർണ്ണയിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിരക്കുകൾ നിശ്ചയിക്കുന്നതിലെ കാലതാമസം മൂലം നിലവിലെ നിരക്കുകൾ 31.03.2025 വരെ തുടരുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.
നിലവിലെ നിരക്കുകൾ പ്രൈസിലെ എൽ.എസ്.ജി.ഡി ലോക്കൽ മാർക്കറ്റ് നിരക്കുകളേക്കാൾ വളരെ ഉയർന്ന നിരക്കിലാണുള്ളത്. ഉദാ- ക്വാറി വേസ്റ്റിന്റെ പ്രൈസിലെ LMR നിരക്ക് 750 രൂപ മാത്രമാണ്. എന്നാൽ സെക്യൂറിലെ എസ്റ്റിമേറ്റ് നിരക്ക് 1250 രൂപയാണ്. തൊഴിലുറപ്പ് പദ്ധതിക്കായി ഇത്തരത്തിൽ ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നത് പദ്ധതി പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തും. വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-34 മരുന്നുകൾ ലഭ്യമായില്ല

പ്രോജക്റ്റ്നം : 116/23-24 ,

അടങ്കൽ : 100000/-മെയിന്റനൻസ് ഫണ്ട് (നോൺറോഡ്).

ചെലവ് : 100000

ബിൽനം. : 261/1.2.24

നിർവഹണം : മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം)

മേൽ സൂചിപ്പിച്ച പ്രോജക്റ്റ് പ്രകാരം ഹോമിയോപ്പതിക് ഹോസ്പിറ്റലിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 1,00,000 - രൂപ ഹോം കോയ്ക്ക് കൈമാറിയിട്ടുണ്ട്. ഓഡിറ്റ് പിരീഡ് വരെ എൽ.എഫ്. 133/24-25/14.5.24 പ്രകാരം 55,353 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത് . ബാലൻസ് തുകയായ

44,647/ രൂപയുടെ മരുന്നുകൾ ഓഡിറ്റ് പിരീഡ് വരെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ തുടർനടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മരുന്ന് ലഭ്യമായ വിവരം അറിയിക്കുന്നത് വരെ ചെലവ് തുക 44,647/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

## 1-35 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടു പ്രകാരമുള്ള ചെലവുകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 137/24 | തുടർസാക്ഷരത S.S.L.C, +2 തുല്യത കോഴ്സ് ഫീ അടവാക്കൽ | 44700 – വികസന ഫണ്ട്, പൊതുവിഭാഗം | സാക്ഷരത മിഷൻ<br>ബിൽനം .765/23.3.24 |
| 2 | 188/24 | തുടർസാക്ഷരത S.S.L.C, +2 തുല്യത കോഴ്സ് ഫീ അടവാക്കൽ (So) | 46100 – വികസന ഫണ്ട്, പൊതുവിഭാഗം | സാക്ഷരത മിഷൻ<br>ബിൽ നമ്പർ - 52/23-24 തീയതി 3.7.2023. 28600 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. 17500 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല |

വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 62,200/- രൂപ (44700+17500) തടസ്സത്തിൽ വയ്ക്കുന്നു.

## 1-36 തോട് സംരക്ഷണ പ്രവൃത്തികളിൽ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അത്തറച്ചാൽ കുരിച്ചിക്കണ്ടി തോട് നവീകരണം (പ്രൊ.നം 210/24), എഴുകുടിക്കൽ തോട് സംരക്ഷണം(പ്രൊ.നം 202/24), പദ്ധതി പ്രകാരം അത്തറച്ചാൽ കുരിച്ചിക്കണ്ടി തോട് നവീകരണം രണ്ടാം ഘട്ടം (പ്രൊ.നം 43/24) എന്നീ പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1.ആസ്തി അതിരുകൾ ഉറപ്പാക്കാതെ പ്രവൃത്തി ആസൂത്രണം ചെയ്ത് നടപ്പാക്കി .

തോടുകളുടെ സംരക്ഷണ പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോൾ FMB പ്രകാരമോ, ആസ്തി രജിസ്റ്റർ പ്രകാരമോ ഉള്ള യഥാർത്ഥ വീതി വീണ്ടെടുക്കുന്നതിന് പകരം ഒരു നിശ്ചിത വീതി കണക്കാക്കി ആയതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവണതയാണ് സ്ഥാപനത്തിൽ നിലനിൽക്കുന്നത്. എഴുകുടിക്കൽ തോട് സംരക്ഷണം(പ്രൊ.നം 202/24) പ്രവൃത്തിയുടെ ഭാഗമായി മൂന്ന് മീറ്റർ വീതിയിലും, അത്തറച്ചാൽ കുരിച്ചിക്കണ്ടി തോട് നവീകരണം (പ്രൊ.നം 43/24) പ്രവൃത്തിയുടെ ഭാഗമായി 2.4 മീറ്റർ വീതിയിലുമാണ് പ്രവൃത്തി ആസൂത്രണം ചെയ്തിട്ടുള്ളത്. ആസ്തികളുടെ അതിരളവുകൾ തിട്ടപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വീഴ്ചയുണ്ടായി. ആസൂത്രണത്തിലെ അപാകത മൂലം വിഭാവനം ചെയ്ത ആസ്തിയുടെ സംരക്ഷണം പൂർണ്ണമായ അർത്ഥത്തിൽ സാധ്യമായില്ല. ആസ്തിയിന്മേലുള്ള കയ്യേറ്റങ്ങളെ തിരിച്ചറിഞ്ഞ് ആസ്തി സംരക്ഷിക്കുന്നതിന് അപാകത മൂലം സ്ഥാപനത്തിന് സാധിച്ചിട്ടില്ല. അപാകതകൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ആസ്തിയുടെ അതിരുകൾ നിശ്ചയിച്ച് നൽകുന്നതിന് ഭരണസമിതിക്ക് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കുറ്റിയടിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഭരണ സമിതി തീരുമാനം പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കളുമായി ചർച്ച നടത്തിയാണ് തോടിന്റെ വീതി നിശ്ചയിച്ചതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തി അതിരളവുകളുടെ കൃത്യത രേഖകൾ ലഭ്യമാക്കി ഉറപ്പാക്കാതെ പ്രവൃത്തി നിർവ്വഹിച്ചത് ശരിയായ നടപടിയല്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ആസ്തിയുടെ അളവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതും രേഖകൾ പ്രകാരമുള്ള അളവിന് അനുസൃതമായി തുടർ പ്രവൃത്തികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

2.തോട് സംരക്ഷണ പ്രവൃത്തികൾക്ക് പാരിസ്ഥിതിക ഘടകങ്ങൾ പരിഗണിച്ചില്ല .

ആസൂത്രണം ചെയ്ത് നടപ്പാക്കിയ തോട് സംരക്ഷണ പ്രവൃത്തികളിൽ തോടിന്റെ അടിത്തട്ടിൽ പൂർണ്ണമായും കരിങ്കല്ല് വിരിക്കുന്ന ഇനങ്ങളും ആസൂത്രണം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രസ്തുത ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമില്ല. തോട് സംരക്ഷണം എന്ന ലക്ഷ്യത്തിൽ തോടിന്റെ ആവാസ വ്യവസ്ഥയേയും സംരക്ഷിക്കേണ്ടതുണ്ട്. എന്നാൽ ജല ജീവികളേയും സസ്യങ്ങളേയും പരിഗണിക്കാത്ത വികസന കാഴ്ചപ്പാടാണ് മേൽ പദ്ധതികളുടെ കാര്യത്തിൽ സ്ഥാപനം കൈക്കൊണ്ടിട്ടുള്ളത്. മേൽ ഇനങ്ങൾ നിർവ്വഹിച്ചതിലൂടെ പ്രവൃത്തി പൂർത്തീകരണത്തിനായി അധിക തുക വകയിരുത്തേണ്ടിയും വന്നിട്ടുണ്ട്. തോടിന്റെ സ്വാഭാവികതയും ആവാസ വ്യവസ്ഥയും സംരക്ഷിക്കുന്ന വികസന നയമല്ല സ്ഥാപനം കൈക്കൊണ്ടിട്ടുള്ളത്. പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാനുവലിലെ അനുബന്ധം 1600D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുകയും ചെയ്തിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ അപാകതയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ മണ്ണൊലിപ്പ് തടയാനും അടിത്തറകൾക്ക് സംരക്ഷണമൊരുക്കുന്നതിനുമായാണ് DR PACKING ചെയ്തതെന്ന് വിശദീകരിച്ചത് സ്വീകാര്യമല്ല. DR PACKING ന്റെ അനിവാര്യത പരിശോധിച്ച് മാത്രം പ്രവൃത്തികൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

3.തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം .

അത്തറച്ചാൽ കുരിച്ചിക്കണ്ടി തോട് നവീകരണം രണ്ടാം ഘട്ടം (പ്രൊ.നം 43/24) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ തോടിന്റെ അടിത്തട്ടിൽ കരിങ്കല്ല് പതിക്കുന്നതിനുള്ള ഇനവും ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തറച്ചാൽ കുരിച്ചിക്കണ്ടി തോട് നവീകരണം(പ്രൊ.നം 210/24), എഴുകുടിക്കൽ തോട് സംരക്ഷണം(പ്രൊ.നം 202/24) എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി 60.7.2 എന്ന ഇനത്തിന് പകരം 60.7.1 എന്ന ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ DR PACKING Under Foundation - Dry Stone Packing Under Foundation With Good Quality Blasted Rubble Including Conveyance Of Material And Labour Charges Etc. Complete As Per Direction Of Departmental Officers At Site എന്ന വിശേഷണത്തോട് കൂടിയ 60.7.2 എന്ന

ഇനമാണ് ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ 60.7.1 എന്ന ഇനം ഉപയോഗിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. 60.7.1 പ്രകാരം Under Packing നിർവ്വഹിച്ചതിൽ ഫൗണ്ടേഷന് ആവശ്യമായ 46.18 Cum ( 144.33x.8x.4=46.18 Cum ) ഒഴികെയുള്ള 41.05 Cum ന് വേണ്ടി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| 60.7.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവും കരാർ തുകയും | കരാറുകാരന് നൽകിയ തുക (GST ഉൾപ്പെടെ ) | 60.7.2 പ്രകാരം നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക (2622.81 രൂപ നിരക്കിൽ GST ഉൾപ്പെടെ ) | അധിക ചെലവ് |
|---|---|---|---|
| 41.05 ക്യൂബിക് മീറ്റർ 3,513.36 രൂപ | 1,70,183.64 | 1,27,046.29 | 43,137.34 |

അത്തറച്ചാൽ കുരിച്ചിക്കണ്ടി തോട് നവീകരണം (പ്രൊ.നം 210/24) എന്ന പ്രവൃത്തിയുടെ തുടർച്ചയായാണ് പദ്ധതി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനങ്ങളിൽ നിന്നും വ്യത്യസ്തമായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നുമുണ്ടായിട്ടുള്ള 43,137 രൂപയുടെ അധിക ചെലവിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് 17.10.2024 തിയ്യതിയിൽ ഇ-മെയിൽ മുഖേന ലഭ്യമാക്കിയ മറുപടിയിൽ തോടിന്റെ അടിത്തട്ട് മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് ചെളി നിറഞ്ഞ നിലയിലായതിനാലാണ് അടിത്തട്ടിൽ പാക്കിംഗ് ചെയ്തതെന്നും ഫൗണ്ടേഷന് തകർച്ച സംഭവിക്കാതിരിക്കാനാണ് 60.7.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ Packing To Compactness To Lines And Levels ഉൾപ്പെടുന്ന 60.7.1 അണ്ടർ പാക്കിംഗിന് ഉപയോഗിച്ചത് സംബന്ധിച്ച അപാകതയാണ് ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ ശ്രദ്ധയിൽപെടുത്തിയത്. യഥാർത്ഥത്തിൽ ഉപയോഗിക്കേണ്ടിയിരുന്നത് 60.7.2 എന്ന ഇനമാണ്. പദ്ധതിയുടെ ആദ്യ ഘട്ടത്തിലെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 60.7.2 എന്ന ഇനമാണ് അണ്ടർ പാക്കിംഗിന് ഉപയോഗിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായുള്ള ചെയിനേജിലാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നതിനാൽ സൈറ്റ് സാഹചര്യങ്ങളിൽ വ്യത്യാസമുണ്ടായിട്ടില്ലെന്നതും വ്യക്തമാണ്. അടിത്തട്ടിൽ ചളി ആയിരുന്നെങ്കിൽ ആയത് നീക്കം ചെയ്തിട്ട് വേണമായിരുന്നു പ്രവൃത്തി നിർവ്വഹിക്കാൻ എന്ന വസ്തുതയും ശ്രദ്ധയിൽപെടുത്തുന്നു.
ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 15.03.2024 തിയ്യതിയിൽ 326 നമ്പർ ബിൽ മുഖേന ചെലവഴിച്ച തുകയിൽ നഷ്ടതുകയായ 43,137 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

1-37 മിനി എം.സി.എഫ് നിർമ്മാണം -തെറ്റായ ഇനം ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മിനി എം.സി.എഫുകൾ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം വാർഡുകളിൽ 11 മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ സ്റ്റിക്കർ നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി ACP ഷീറ്റ് സ്ഥാപിക്കുന്നതിനുള്ള DAR ലെ Structural Glazing & Aluminium Composite Panel എന്ന ചാപ്റ്ററിലെ 25.7 എന്ന ഇനത്തിലെ Sundries For Designing എന്ന ഇനം മാത്രം ഒഴിവാക്കി OD തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഒഴിവാക്കിയ ഇനത്തിന്റെ അടിസ്ഥാന നിരക്ക് 97.66 (656.3÷6.72) രൂപയാണ്. ശരാശരി 20 സെ.മി വീതിയിലും 1.8 മീറ്റർ നീളത്തിലുമാണ് ( 0.36 ചതുരശ്ര മീറ്റർ വിസ്തീർണ്ണം ) ഓരോ എം.സി.എഫി ന്മേലും സ്റ്റിക്കർ ബോർഡ് പതിക്കുന്നതിനായി പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.
25.7 എന്ന ഇനവുമായി താരതമ്യപ്പെടുത്തുമ്പോൾ മെറ്റീരിയൽ, ലേബർ ഘടകങ്ങൾ സമാനമാണ്.

OD161722/2023-2024 നമ്പറായുള്ള ഒബ്സർവ്വ്ഡ് ഡാറ്റയുടെ എസ്റ്റിമേറ്റ് നിരക്ക് 4950.08 രൂപയും കരാർ നിരക്ക് 3000 രൂപയുമാണ്. 25.7 എന്ന ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ ബഹുനില കെട്ടിടങ്ങളുടെ ബാഹ്യവശങ്ങളിൽ മഴയേയും, കാറ്റിനേയും പ്രതിരോധിക്കും വിധവും, കെട്ടിടത്തിനകത്തെയും പുറത്തേയും മർദ്ദം സന്തുലിതമാക്കും വിധവും എ.സി.പി. സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഇതെന്ന് വ്യക്തമാകുന്നു. ഇതിന്റെ ഡാറ്റയിൽ Weather Sealant - Non Staining, Weather Sealant - Normal (300 Ml), MS Brackets / Aluminium Alloy Brackets, EPDM Gasket In Kg (Above 60 G / M),Anchor Fastner – M10,SS Bolt With Washer Of Sizes For Structural Glazing / ACP Cladding , GI Flashing - 1.2 Mm Thick എന്നീ സാധനങ്ങളും, ഇവ ഉറപ്പിക്കുന്നതിനുള്ള വലിയ നിരക്കിലുള്ള ഇൻസ്റ്റലേഷൻ, ഫാബ്രിക്കേഷൻ ചാർജ്ജുകളും ഉൾപ്പെടുന്നുണ്ട്. 15.10.2024 തിയ്യതിയിൽ സ്ഥലപരിശോധനയുടെ ഭാഗമായി 12-ാം വാർഡിലെ മിനി എം.സി.എഫ് പരിശോധിച്ചതിൽ നിന്നും എ.സി.പി ഷീറ്റ്, സ്ക്രൂ എന്നിവ മാത്രമെ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ Weather Sealant - Non Staining, Weather Sealant - Normal (300 Ml), MS Brackets/ Aluminium Alloy Brackets, EPDM Gasket In Kg(Above 60 G / M), Anchor Fastner – M10, GI Flashing - 1.2 Mm Thick തുടങ്ങിയ സാമഗ്രികളുടെ ഉപയോഗമോ, ഇൻസ്റ്റലേഷനും ഫാബ്രിക്കേഷനുമായി വലിയ മനുഷ്യാധ്വാനമോ ഉപയോഗിച്ചിട്ടില്ല.

ചതുരശ്ര മീറ്ററിന് 1100 രൂപ അടിസ്ഥാന വിലയുള്ള 4 Mm Thick ACP ഷീറ്റാണ് ഡാറ്റയിൽ ഉപയോഗിച്ചിട്ടുള്ളത്. നിരപ്പായ പ്രതലത്തിൽ സ്ഥാപിക്കാനുള്ളതിനാൽ 4 Mm Thick ACP ഷീറ്റ് ആവശ്യമില്ലായിരുന്നു. ACP ഷീറ്റിന് പകരം Anodised Aluminium Sheet, Aluminium Industrial Troughed Sheet പോലുള്ളവയും ഉപയോഗപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കാമായിരുന്നു. ഒബ്സർവ്വ്ഡ് ഡാറ്റ പരിശോധിച്ചാൽ ഷീറ്റ്, SS Bolt With Washer Of Sizes For Structural Glazing / ACP Cladding , SS Screws Of Sizes For Structural Glazing /ACP Cladding എന്നീ ഇനങ്ങൾ മാത്രമെ ആവശ്യമുണ്ടായിരുന്നുള്ളൂ എന്നതും വ്യക്തമാകും. മേൽ ഇനങ്ങൾക്കായി ചതുരശ്ര മീറ്ററിന് 1273.6 രൂപ മാത്രമെ ആവശ്യമുണ്ടായിരുന്നുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| Material For 6.72 Sqm | | | | |
|---|---|---|---|---|
| 2613 | SS Bolt With Washer Of Sizes For Structural Glazing / ACP Cladding | 2 | 35 | 70 |
| 2614 | SS Screws Of Sizes For Structural Glazing /ACP Cladding | 49 | 3 | 147 |
| 2654 | Aluminium Industrial Troughed Sheet | 7.06 | 600 | 4236 |
| 9999 | Sundries (Transportation) | 473.83 | 2 | 947.66 |
| TOTAL | 6.72 | Sqm | | 5400.66 |
| UNIT TOTAL | 1 | Sqm | | 803.66 |
| | Water Charge@ 1.00 % | | | 8.0366 |
| | TOTAL | | | 811.6966 |
| | Contractors Profit & Overhead@ 15.00 % | | | 933.45109 |
| | Cost Index | | | 1273.600667196 |
| TOTAL | | | | 1273.6 |

ബിൽ പ്രകാരം 4.092 ചതുരശ്ര മീറ്ററിന് 3,000 രൂപ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ 14,485.68 രൂപയാണ് കരാറുകാരന് നൽകിയത് . മേൽ പട്ടിക പ്രകാരം 6,149.65 രൂപ പരമാവധി ചെലവ് വരുന്നിടത്താണ് 14,485.68 രൂപ ചെലവഴിച്ചിട്ടുള്ളത്. അപാകതകൾ മൂലം 8,336 രൂപയുടെ അധിക ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ബോർഡ് സ്ഥാപിക്കുകയെന്നത് അനിവാര്യമായിരുന്നെന്നും തീരദേശ മേഖലയായതിനാലാണ് അലൂമിനിയം കോംപോസിറ്റ് പാനൽ ഷീറ്റുകൾ ഉപയോഗിച്ചതെന്നുമാണ്. മേൽ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ല.

- നെയിം ബോർഡ് സ്ഥാപിച്ചതിന്റെ ആവശ്യകതയെ ഓഡിറ്റ് ചോദ്യം ചെയ്തിട്ടില്ല. മറിച്ച് സ്റ്റിക്കർ ബോർഡ് ഒട്ടിക്കുന്നതിനുള്ള തകിട് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയ്ക്കായി ഉൾപ്പെടുത്തിയത് DARലെ ഇനം 25.7ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ബഹുനില കെട്ടിടങ്ങളുടെ ബാഹ്യവശങ്ങളിൽ മഴയേയും, കാറ്റിനേയും പ്രതിരോധിക്കും വിധവും, മഴവെള്ളം അകത്തേയ്ക്ക് പ്രവേശിക്കാതെ ശരിയായി വെള്ളം ഡ്രൈൻ ചെയ്യുന്ന വിധവും, കെട്ടിടത്തിനകത്തെയും പുറത്തേയും മർദ്ദം സന്തുലിതമാകും വിധവും എ.സി.പി. സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് അലൂമിനിയം തകിട് ഉറപ്പിക്കുന്നതിന് നൽകിയിട്ടുള്ളത്. പ്രവൃത്തിക്കായി അലൂമിനിയം തകിട്, സ്ക്രൂ എന്നിവ മാത്രമെ ഉപയോഗിച്ചിട്ടുള്ളൂ. ഇനത്തിന്റെ നിരക്കിൽ ഉൾപ്പെട്ട Weather Sealant - Non Staining, Weather Sealant - Normal (300 Ml), MS Brackets / Aluminium Alloy Brackets, EPDM Gasket In Kg (Above 60 G / M), Anchor Fastner – M10, GI Flashing - 1.2 Mm Thick എന്നീ ഇനങ്ങൾ നിർവ്വഹിക്കാതെ അതിനുള്ള തുക കൂടി കരാറുകാരന് നൽകപ്പെട്ടു.
- തീരദേശ മേഖല ആയതിനാലാണ് ബോർഡിന് അലൂമിനിയം തകിട് ഉപയോഗിച്ചതെന്ന മറുപടി, എം.സി.എഫ് നിർമ്മിച്ചത് ഇരുമ്പ് പൈപ്പ്, മെഷ് എന്നിവ കൊണ്ടാണെന്നതിനാലും ആസ്തിയേക്കാൾ പ്രാധാന്യമുള്ളതല്ല ആസ്തിയിന്മേലുള്ള ബോർഡ് എന്ന കാരണത്താലും സ്വീകാര്യമല്ല. ബോർഡ് സ്ഥാപിക്കാനുള്ള തകിടിന് താരതമ്യേന നിരക്ക് കുറവുള്ള Anodised Aluminium Sheet, Aluminium Industrial Troughed Sheet പോലുള്ള അലൂമിനിയം ഷീറ്റുകളും ഉപയോഗിക്കാമായിരുന്നു.

ശുചിത്വ മിഷൻ ഗ്രാന്റിനത്തിൽ നിന്നും പദ്ധതിക്കായി ചെലവഴിച്ച തുകയിൽ കരാറുകാരന് അനർഹമായി അനുവദിച്ച 8,336 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-38 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- ഹരിതകർമ്മസേന പ്രവർത്തനാവലോകനം

സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹരിത കേരള മിഷൻ നിലവിൽ വന്നിട്ട് ഏകദേശം 8 വർഷത്തോളമായിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് നിയമപരമായി ഈ ഉത്തരവാദിത്വം നിറവേറ്റേണ്ടത് എന്നതിനാൽ ഇക്കാര്യത്തിൽ നിലവിൽ ഗ്രാമപഞ്ചായത്ത് എത്രത്തോളം മുന്നേറി എന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി . ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

(1) മാലിന്യ നിർമ്മാർജ്ജന മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വം -ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും

| നിയമങ്ങൾ | ചട്ടങ്ങൾ | സർക്കാർ നിർദ്ദേശങ്ങൾ |
|---|---|---|
| എ) പരിസ്ഥിതി സംരക്ഷണ നിയമം-1986 | 1)2016 ലെ ഖരമാലിന്യ സംസ്കരണ | 1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ |

| | | |
|---|---|---|
| | ചട്ടങ്ങൾ | സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ |
| ബി) കേ.പ.രാജ് ആക്ട് 1994- അനിവാര്യ ചുമതലകൾ , സെക്ഷൻ 218, 219(എ) മുതൽ (എക്സ്) വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക | 2) 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ | 2)15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ |
| സി) 2024-ലെ കേരള പഞ്ച യത്ത് ര ജ് (ഭേദഗതി) ആക്റ്റ്(2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്) | 3) 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ | 3)12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തന മാർഗ്ഗരേഖ |
| ഡി)കേ.മു.ആക്ട് 1994- അനിവാര്യ ചുമതലകൾ സെക്ഷൻ 326, 329, 331, 332, 334, 334എ, ബി,സി, 335, 336 മുതൽ 345 വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക | 4) 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ | -- |
| ഇ)2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023 ഡിസംബർ 9-ാം തീയതി പ്രാബല്യത്തില് വന്നത്) | 5)2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ | -- |
| -- | 6)2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ | -- |

2.ക്രമ നമ്പർ (ബി) പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ ( III (എ) കൂടി കാണുക) പ്രകാരം പഞ്ചായത്തിന്റേയും പൗരന്മാരുടേയും പ്രധാന ചുമതലകൾ

| പഞ്ചായത്തിന്റെ ചുമതലകൾ | പൗരന്മാരുടെ ചുമതലകൾ |
|---|---|
| എ). ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യുക<br>ബി).വീടുവീടാന്തരമുള്ള | എ). മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക<br>ബി). സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് |

| | |
|---|---|
| ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യുക<br>സി).ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുക<br>ഡി).മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കുക | സഞ്ചികളുടെയും കവറുകളുടെയും ഉപയോഗം നിയന്ത്രിക്കുക<br>സി).പ്ലാസ്റ്റിക് മാലിന്യങ്ങൾ യുക്തമായ രീതിയിൽ കൈകാര്യം ചെയ്യുക<br>ഡി).പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കാതിരിക്കുക<br>ഇ). മാലിന്യം ബഹിർഗമിപ്പിക്കാതിരിക്കുക<br>എഫ്). ചവറോ മറ്റ് മാലിന്യങ്ങളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാതിരിക്കുക<br>ജി).മാലിന്യങ്ങൾ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കുക |

3. ക്രമനമ്പർ (1) പ്രകാരമുള്ള ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളും നിലവിലെ അവസ്ഥയും

ക്രമനമ്പർ (1) ൽ പരാമർശിച്ച ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷൻ മാർഗ്ഗരേഖയിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

| ക്രമനം | പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ | നിലവിലെ അവസ്ഥ |
|---|---|---|
| 1 | 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്. ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്. | ഇപ്രകാരം ഒരു പ്ലാൻ നാളിതുവരെ തയ്യാറാക്കിയിട്ടില്ല |

| | | |
|---|---|---|
| | | |
| 2 | 2)മേൽചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയുംവ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4000/-രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് . | ബൈലോ തയ്യാറാക്കി അംഗീകരിക്കുന്നതിൽ സമയക്രമം പാലിച്ചിട്ടില്ല.25/7/22തീയതിയിലാണ് ഇത് അംഗീകരിച്ചിരിക്കുന്നത്. ആവശ്യമായ വ്യവസ്ഥകൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 3 | 3)ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവു ശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവ മാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. | പ്രസക്ത ഖണ്ഡിക കാണുക |
| 4 | 4)ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി | പ്രസക്ത ഖണ്ഡികകൾ കാണുക |

| | | | |
|---|---|---|---|
| | | നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക,ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി(MRF)സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി(ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക ,റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക ,ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവർത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി.മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ ( ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യംവരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്. | |
| | | 5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ (10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് . | ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| | | 6) ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം , ഉണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക,മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. | രൂപീകരിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ പ്രസക്ത ഖണ്ഡികകളിൽ പ്രതിപാദിച്ചത് കാണുക |

| | | |
|---|---|---|
| | ബോധവൽക്കരണം സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്. | |
| | 7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും . മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി പി ആർ ഇവർ തയ്യാറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു. | ഇത്തരം ഒരു സ്ഥാപനത്തിന്റെ സഹായം നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത് ഹരിതസേനയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതു മൂലം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലും ഗ്രാമപഞ്ചായത്തിലെ പൗരന്മാരിൽ ശുചിത്വ സന്ദേശം എത്തിക്കുന്നതിലും സ്ഥാപനം പരാജയപ്പെട്ടെന്ന് സ്ഥാപനത്തിലെ നിലവിലെ അവസ്ഥ സാക്ഷ്യപ്പെടുത്തുന്നു. പ്രസക്ത ഖണ്ഡിക കൂടി കാണുക |
| | 8) നിക്ഷേപകൻ (സംസ്കരണത്തിനുള്ള അടിസ്ഥാനസൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തുക (സംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം, സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിയമങ്ങൾ നടപ്പാക്കൽ, നിരീക്ഷണം എന്നീ 6 ഘടകങ്ങൾ അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥപാന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു. | MCF ഉൾപ്പടെ ഒരുക്കുന്നതിൽ പരാജയപ്പെട്ടു.മറ്റ് കാര്യങ്ങൾ പ്രസക്തഖണ്ഡികകളിൽ പ്രതിപാദിച്ചത് കാണുക. സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ൽ കൂടുതൽ പേർ പങ്കെടുക്കുന്ന പരിപാടികകൾക്ക് 250/-രൂപ ഫീസ് ഈടാക്കി അനുമതി വാങ്ങണമെന്ന് ബൈലായിൽ നിഷ്കർഷിച്ചിരിക്കെ ഈ സംവിധാനം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. |
| | 9) തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്. | നാളിതുവരെ രൂപീകരിച്ചിട്ടില്ല |
| | 10)സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ ( ഡി പി ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോവെസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക. | സമ്പൂർണ്ണമാലിന്യ മുക്തഗ്രാമമായി പ്രഖ്യാപിച്ചെങ്കിലും വലിയ വിടവുകൾ നിലനില്ക്കുന്നു. പ്രസക്ത ഖണ്ഡികകൾ കാണുക |

4. നിലവിലെ അവസ്ഥ

26.1.2024 തീയതിയിൽ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ കൂമ്പാരങ്ങൾ ഇല്ലാതിരിക്കുക, മാലിന്യം വലിച്ചെറിയപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതിരിക്കുക, എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും അജൈവമാലിന്യങ്ങൾ പ്രതിമാസം ഫീസ് നല്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുക, ജലാശയങ്ങൾ മാലിന്യ മുക്തമാകുക, ഉറവിട മാലിന്യസംസ്കരണ സാധ്യത നിലനില്ക്കുക തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഗ്രാമം മാലിന്യമുക്തമെന്ന് പ്രഖ്യാപിക്കപ്പെടുന്നത്. എന്നാൽ മേല്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ സ്ഥാപനം ഇനിയും മുന്നോട്ടു പോകേണ്ടതുണ്ടെന്ന് നിലവിലെ അവസ്ഥ സാക്ഷ്യപ്പെടുത്തുന്നു. ഈ നിയമങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളിൽ എത്രത്തോളം പുരോഗതിയുണ്ടായെന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

5. ഹരിത കർമ്മസേനയുടെ പ്രവർത്തനം

ക്രമ നം4 ൽ പ്രതിപാദിച്ച പ്രകാരമുള്ള ഹരിത കർമ്മ സേന 13.3.2018 തീയതിയാണ് സ്ഥാപനത്തിൽ രൂപീകരിച്ചത് . 17 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ 34 അംഗങ്ങളുള്ള സേന പ്രവർത്തിച്ചുവരുന്നു. എന്നാൽ പ്രതിമാസം എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും സന്ദർശിച്ച് അജൈവമാലിന്യങ്ങൾ ശേഖരിക്കുവാൻ സേനയ്ക്ക് നാളിതുവരെ കഴിഞ്ഞിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും സേനാംഗങ്ങളും ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്.സേനയുടെ പ്രവർത്തനം വിശദമാക്കുന്നതിന് താഴെ കൊടുത്ത വിവരങ്ങൾ സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

എ) ഹരിത കർമ്മസേന പിരിച്ചെടുത്ത പ്രതിമാസ ഫീസ് വിവരങ്ങൾ -3/23 ലേയും 3/24 ലേയും താരതമ്യം

| ആകെ കെട്ടിടങ്ങൾ | | ഫീസ് പിരിച്ചെടുത്ത കെട്ടിടങ്ങളുടെ എണ്ണം | | | | ആകെ പിരിച്ചെടുത്ത ഫീസ് | | | | പിരിവിന്റെ ശതമാനം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
| | | വീടുകള് | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| 6930 | 413 | 4852 | 0 | 3516 | 183 | 242600 | 0 | 175800 | 18300 | 70 | 0 | 50.73 | 44.3 |

2017 – 18 വർഷത്തിൽ പ്രവർത്തനമാരംഭിച്ചെങ്കിലും സേനയുടെ പ്രവർത്തനം നാളിതുവരെ കാര്യക്ഷമമായിട്ടില്ലെന്ന് മേൽ വിവരങ്ങൾ വ്യക്തമാക്കുന്നു.വീടുകളിൽ നിന്നുള്ള പ്രതിമാസ പിരിവിൽ ഓഡിറ്റ് വർഷത്തിൽ മുൻവർഷത്തേക്കാൾ പിന്നോട്ടാണ് പോയതെന്ന് കണക്കുകൾ കാണിക്കുന്നു.2023മാർച്ച് മാസത്തിൽ യഥാക്രമം 70 ശതമാനമായിരുന്ന വീടുകളുടെ കവറേജ് ഓഡിറ്റ്

വർത്തിൽ 50.73 ശതമാനമായി കുറഞ്ഞു. മറ്റ് സ്ഥാപനങ്ങളുടെ കാര്യത്തിൽ മുൻവർഷം പിരിവ് നടന്നില്ലെങ്കിലും നേരിയ പുരോഗതി ഓഡിറ്റ് വർഷമുണ്ടായിട്ടുണ്ട്.നാളിതുവരെ വരെ ഒരു ഹരിത സഹായ സംഘത്തെ സ്ഥാപനത്തിൽ നിയോഗിക്കാതിരുന്നത് സേനയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് കാണാം. സ്മാർട്ട് ഗാർബേജ് പദ്ധതിയും പൂർണ്ണതോതിൽ സ്ഥാപനത്തിൽ സജ്ജമായിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ആകെ കെട്ടിടങ്ങൾ | | | | |
|---|---|---|---|---|
| നിലവിലെ സഞ്ചയ ഡിമാന്റ് പ്രകാരം | സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം | QRകോഡ് പതിച്ചവ | സബ്സ്ക്രൈബ് ചെയ്തവ | നിലവിൽ പിരിക്കുന്നവ |
| 10878 | 8158 | 7597 | 7597 | 7497 |

സഞ്ചയ പ്രകാരം 10878 കെട്ടിടങ്ങൾ നിലവിലുണ്ടെങ്കിലും 7597 കെട്ടിടങ്ങളിൽ മാത്രമാണ് QR കോഡ് പതിച്ചിരിക്കുന്നത്. പതിച്ച കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ മാസവും തുക പിരിക്കുന്നുമില്ല. മറ്റ് കെട്ടിടങ്ങൾ എന്തു കൊണ്ട് കോഡ് പതിക്കുന്നതിൽ നിന്നും ഒഴിവായെന്ന് വ്യക്തമല്ല.

ഫീസ് പിരിവ് നൂറുശതമാനത്തിലെത്താത്തത് ഹരിതകർമ്മസേനയുടെ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. നിലവിൽ പ്രതിമാസം ശരാശരി 10,000/-രൂപ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ യഥാക്രമം 51,851/-രൂപ, 4,02,652/-രൂപ, 10,74,700/-രൂപ നിരക്കിൽ ആകെ 15,29,203/- രൂപ നാളിതുവരെ ഗ്യാപ് ഫണ്ടായി സ്ഥാപനം സേനയ്ക്ക് നല്കിയിട്ടുണ്ട്. ഈ തുകയിൽ നിന്നാണ് പ്രധാനമായും സേനാംഗങ്ങൾക്ക് വേതനവും റിജക്റ്റ് വേസ്റ്റ് കൈയ്യൊഴിയുന്നതിനുള്ള ചെലവും വഹിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നിന്നും കൃത്യമായി ഫീസ് പിരിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും വൻതോതിൽ തുക അനുവദിച്ചത് വിശദീകരിക്കപ്പെടേണ്ടതുണ്ട്

ബി) റിജക്റ്റ് മാലിന്യത്തിന്റെ ശേഖരണവും കൈയ്യൊഴിയലും

7-09-2020-ലെ ഡി.സി1/282/2020/ത.സ്വ.ഭ.വ.നം.സർക്കുലർ പ്രകാരം അജൈവ പാഴ് വസ്തുകളുടെ ശേഖരണം സംബന്ധിച്ച കലണ്ടർ സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ.ഉ(സാധാ) നം.628/2023/ LSGD തീയതി, 16-03-2023 പ്രകാരം ഇത് പുതുക്കി നല്കുകയും ചെയ്തു. എന്നാൽ 2023 ജനുവരി വരെ ഇത്തരത്തിൽ ഒരു കലണ്ടർ സ്ഥാപനത്തിലുണ്ടായിരുന്നില്ല. 2023 ജനുവരി മാസത്തിൽ ഈ കലണ്ടർ പ്രസിദ്ധീകരിച്ചു. എല്ലാമാസവും വിവിധ തരം റിജക്റ്റ് മാലിന്യങ്ങൾ ശേഖരിക്കുന്ന തരത്തിലാണ് കലണ്ടർ പ്രസിദ്ധീകരിച്ചിരിക്കുന്നത്. എന്നാൽ പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങൾ സ്വീകരിക്കേണ്ട സേന ഇതേ ഫീസിൽ ഉൾപ്പെടുത്തി കലണ്ടർ പ്രകാരമുള്ള റിജക്റ്റ് മാലിന്യവും ശേഖരിക്കുന്ന സാഹചര്യമാണ് സ്ഥാപനത്തിലുള്ളത്. റിജക്റ്റ് മാലിന്യം കയറ്റി അയക്കേണ്ട ചെലവ് സ്ഥാപനം വഹിക്കേണ്ട സ്ഥിതിവിശേഷം ഇതുമൂലമുണ്ടായിട്ടുണ്ട്. മേൽ ഖണ്ഡികയിൽ പരാമർശിച്ചപോലെ 2022-23 വർഷം വരെ 15.29 ലക്ഷം രൂപയും ഓഡിറ്റ് വർഷം 999834/- രൂപയും റിജക്റ്റ് മാലിന്യം കയറ്റി അയക്കാൻ വിനിയോഗിക്കേണ്ടി വന്നു. സ്ഥാപനം 2022 ൽ വിജ്ഞാപനം ചെയ്ത ബൈലോയിൽ റിജക്റ്റഡ് മാലിന്യം ശേഖരിക്കുന്നതിനുള്ള ഫീസ് പ്രസിദ്ധീകരിച്ചിരിക്കെയാണ് ഈ സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. വീടുകളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റഡ് മാലിന്യങ്ങൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് കയ്യൊഴിയുന്നത് ആരോഗ്യകരമായ പ്രവണതയല്ലെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഇക്കാര്യത്തിൽ വിശദീകരണം

നല്കേണ്ടതുണ്ട്.

6.ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഇടപെടലുകൾ

2018-19 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ ഈ മേഖലയിൽ താഴെ കൊടുത്ത വിധം ഗ്രാമപഞ്ചായത്ത് തുക വിനിയോഗിച്ചിട്ടുണ്ട്.

| വർഷം | ആകെ വിനിയോഗിച്ച തുക |
|---|---:|
| 2018-19 | 1,90,801 |
| 2019-20 | 1,60,540 |
| 2020-21 | 51,851 |
| 2021-22 | 7,29,172 |
| 2022-23 | 44,00,848 |
| 2023-24 | 27,75,907 |

MCF നിർമ്മാണം, ഹരിത സേനയ്ക്ക് VGF നൽകൽ, ഹരിത സേനയ്ക്ക് വാഹനം വാങ്ങൽ, അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ തുക നൽകൽ, സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പിലാക്കൽ, റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ, മിനി MCF സ്ഥാപിക്കൽ, അഗതി ആശ്രയ പദ്ധതിയിൽ പെട്ടവർക്ക് യൂസർ ഫീസ് നല്കൽ തുടങ്ങിയ ഇനങ്ങളിൽ ഈ വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്. മേല്പറഞ്ഞ ഇടപെടലുകളിൽ പോരായ്മ/അപാകത നിലനില്ക്കുന്ന പ്രധാന മേഖലകൾ താഴെ കൊടുക്കുന്നു.

എ) MCF- 4 -ാം വാർഡിൽ $120m^2$ മാത്രം വിസ്തീർണ്ണമുള്ള ഒരു MCF ന്റെ നിർമ്മാണം പൂർത്തിയായെങ്കിലും വൃദ്ധ സദനത്തിനടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് നാളിതുവരെ ഇത് പ്രവർത്തിപ്പിക്കാൻ സ്ഥപനത്തിന് കഴിഞ്ഞിട്ടില്ല. നിലവിൽ തരംതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് ഹരിതസേന വാടകയ്ക്ക് എടുത്ത ഒരു കെട്ടിടത്തിലും റിജക്ട് മാലിന്യങ്ങൾ ചെങ്ങോട്ട്കാവ് റെയിൽ ഓവർബ്രിഡ്ജിന് അടിഭാഗത്തും സൂക്ഷിക്കുന്നതായി ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ബ്രിഡ്ജിന് അടിയിൽ മാലിന്യം സൂക്ഷിക്കുന്നത് മാലിന്യ പ്രശ്നവും പ്രാദേശിക എതിർപ്പും രൂക്ഷമാക്കുന്നതായി വിശദീകരിച്ചിട്ടുണ്ട്. നാളിതുവരെ അനുയോജ്യമായ സ്ഥലം കണ്ടെത്തി, മതിയായ സൗകര്യത്തിൽ MCF സ്ഥാപിക്കാത്തത് വീഴ്ചയാണ്. ഇക്കാര്യത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ബി) യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ - അതിദരിദ്രർ, അഗതി, ആശ്രയ പദ്ധതിയിൽ പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 117 കുടുംബങ്ങൾ സ്ഥാപനത്തിലുണ്ട്. ഇവരുടെ വീടുകളിൽ നിന്നും മാലിന്യം പ്രതിമാസം ശേഖരിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഫീസ് സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്താണ് നല്കേണ്ടത്. പ്രതിമാസം 50/-രൂപ നിരക്കിൽ 70,200/-രൂപ പ്രതിവർഷം (117X50X12) സേനയ്ക്ക് ഗ്രാമപഞ്ചായത്ത് നല്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം മാത്രമാണ് ഇക്കാര്യത്തിനായി പ്രൊജക്ട് രൂപീകരിച്ച് തുക ചെലവഴിച്ചത്. സേനാംഗങ്ങൾക്ക് മാന്യമായ വേതനം ലഭിക്കുന്നതിനായി ഓരോ വർഷവും മതിയായ തുക വകയിരുത്തി പ്രൊജക്ട് തയ്യാറാക്കി

നിർവ്വഹിക്കേണ്ടതുണ്ട്.

സി) ഉറവിട മാലിന്യ സംസ്കരണം -വി ഇ ഒ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ജൈവമാലിന്യ സംസ്കരണത്തിനായി വീടുകളിൽ റിംഗ് കമ്പോസ്ററ് യൂണിറ്റുകൾ/ ബയോ കമ്പോസ്റ്റ് ബിൻ വിതരണം ചെയ്തയിനത്തിൽ താഴെ കൊടുത്ത പ്രകാരം ചെലവുണ്ടായിട്ടുണ്ട്.

| വർഷം | ചെലവഴിച്ച തുക | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 2018-19 | 1,31,979 | 52 |
| 2020-21 | 4,23,000 | 169 |
| 2021-22 | 6,52,500 | 261 |
| 2022-23 | 4,98,386 | 237 |
| 2023-24 | 13,36,890 | 630 |
| ആകെ നല്കിയ യൂണിറ്റുകൾ | | 1349 |

ആകെ 1,349 യൂണിറ്റുകൾ മാത്രമാണ് നാളിതുവരെ വിതരണം ചെയ്തിരിക്കുന്നത്. നിലവിൽ 6,930 വീടുകളാണുള്ളതെന്ന് വ്യക്തമാക്കിയതു പരിഗണിക്കുമ്പോൾ ഇനിയും 5,581 (6930- 1349) വീടുകൾക്ക് ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് കാണാം. ഇതിൽ നിലവിൽ സ്വന്തം നിലയ്ക്ക് സംവിധാനം ഒരുക്കിയവർ എത്രയുണ്ടെന്ന് വ്യക്തതയില്ല. എത്ര കാലം കൊണ്ട് എല്ലാ ഗൃഹങ്ങളിലും ഈ സംവിധാനം ഒരുക്കും എന്നത് സംബന്ധിച്ച് ഒരു പ്ലാൻ സ്ഥാപനത്തിനില്ലെന്ന് കാണുന്നു. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യസംസ്കരണം ആവശ്യമായ ഇടങ്ങളിൽ എത്രത്തോളം ഇവ സ്ഥാപിക്കപ്പെട്ടെന്ന് വ്യക്തമല്ല. ആവശ്യമായ ഡാറ്റാ ശേഖരിക്കാതെയാണ് ഈ മേഖലയിലെ ഇടപെടലെന്ന് വ്യക്തമാകുന്നു.

ഡി) അജൈവമാലിന്യം (റിജക്റ്റ്) കയറ്റി അയച്ച ഇനത്തിലെ ചെലവ്- അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ മുൻ വർഷങ്ങളിൽ വൻതുക വിനിയോഗിച്ചത് മുകളിൽ പരാമർശിച്ചിട്ടുണ്ട്. വീടുകളിൽ/ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കി അതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവു വഹിക്കുക എന്ന സമീപനം ഗ്രാമപഞ്ചായത്ത് സ്വീകരിക്കാത്തത് പ്രധാന പോരായ്മയാണ്. ഇത് പഞ്ചായത്ത് ഫണ്ടിന് ഒരു ബാധ്യതയായി വരും വർഷങ്ങളിൽ മാറുന്നതാണ്.

ഇ) മറ്റ് പോരായ്മകൾ

എ) ക്രമ നം.1-ൽ പ്രതിപാദിച്ച ഒരു ഖരമാലിന്യ മാനേജ്മെന്റ് പ്ലാൻ നാളിതുവരെ സ്ഥാപനം തയ്യാറാക്കുകയോ അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിച്ച ഏജൻസിക്കോ നല്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉറവിട മാലിന്യ നിർമ്മാർജ്ജന ഉപാധികൾ സംബന്ധിച്ച വ്യക്തമായ പ്ലാൻ സ്ഥാപനത്തിനില്ലാത്തത് ഇതിന്റെ ഭാഗമാണ്.

ബി) ക്രമ നം. 2-ൽ പ്രതിപാദിച്ച ബൈലായിൽ പ്രതിമാസ ഫീസ് കൂടാതെ കലണ്ടറനുസരിച്ച് ശേഖരിക്കുന്ന റിജക്റ്റ് മാലിന്യത്തിന്റെ നിരക്ക് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് പേക്കിംഗ് കവറുകൾ, സമാന സ്വഭാവമുള്ളവ, മറ്റ് പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവയ്ക്ക് 100 ഗ്രാമിനോ അതിന്റെ ഭാഗത്തിനോ

10/- രൂപയാണ് ഫീസ്. എന്നാൽ ഈ നിരക്കിൽ തുക ഈടാക്കുന്നില്ലെന്ന് മേൽപറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നു. കൂടാതെ 100 ൽ കൂടുതൽ പേർ പങ്കെടുക്കുന്ന പരിപാടികകൾക്ക് 250/- രൂപ ഫീസ് ഈടാക്കി അനുമതി വാങ്ങണമെന്ന് ബൈലോയിൽ നിഷ്കർഷിച്ചിരിക്കെ ഇത്തരത്തിൽ ഒരു വരുമാനം സ്ഥാപനത്തിലില്ല.

സി) ഹരിത കർമ്മസേന മാത്രമാണ് സ്ഥാപനത്തിൽ രൂപീകരിച്ചിരിക്കുന്നത്. അനുബന്ധ മേഖലകളിൽ ആക്ടിവിറ്റി ഗ്രൂപ്പുകൾ ഇല്ലാത്തത് മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും ഗ്രൂപ്പിന്റെ സാമ്പത്തിക സ്ഥിതിക്കും പ്രതികൂലമാകും.

മേല്പറഞ്ഞ കാര്യങ്ങളിൽ, സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. ശുചിത്വ മാലിന്യ പരിപാടികളിലെ വിടവുകൾ നികത്തുന്നതിന് താഴെ കൊടുത്ത നിർദ്ദേശങ്ങൾ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

സ്ഥാപനത്തിലെ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുകൾ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച്(ഉദാ-റിജക്ട് മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ്) സ്ഥാപനത്തിന്റെ സാമ്പത്തികബാധ്യത ഒഴിവാക്കുക എന്നിവയായിരിക്കണം കാഴ്ചപ്പാട്. ചെലവുകൾ വഹിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട, ഈ മേഖലയിലെ ഫീസുകളും ഫൈനുകളും ഉൾക്കൊള്ളിച്ച് രൂപീകരിച്ച ശുചിത്വഫണ്ടും ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മാനദണ്ഡങ്ങളിൽ പ്രതിപാദിച്ച 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റിലെ സെക്ഷൻ എ ഡി (1) ൽ മാലിന്യം വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം, അതിന്റെ കയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവു വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നല്കേണ്ട യൂസർഫീസ് നിശ്ചയിക്കേണ്ടതും ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തി ഇത്തരത്തിൽ വരുന്ന പൂർണ്ണമായ ചെലവ് മാലിന്യ ഉൽപാദകനിൽ നിന്നു തന്നെ ഈടാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. നിലവിലുള്ള ബൈലോയിൽ ഇതിനനുസൃതമായ മാറ്റം വരുത്തി പരിഷ്കരിച്ച് ബൈലോ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്. അപാകത പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

അത്തറച്ചാൽ കുരിച്ചിക്കണ്ടി തോട് നവീകരണം രണ്ടാം ഘട്ടം (പ്രൊ.നം 43/24) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ തോടിന്റെ അടിത്തട്ടിൽ കരിങ്കല്ല് പതിക്കുന്നതിനുള്ള ഇനവും ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തറച്ചാൽ കുരിച്ചിക്കണ്ടി തോട് നവീകരണം(പ്രൊ.നം 210/24), എഴുകുടിക്കൽ തോട് സംരക്ഷണം(പ്രൊ.നം 202/24) എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി 60.7.2 എന്ന ഇനത്തിന് പകരം 60.7.1 എന്ന ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ DR PACKING Under Foundation - Dry Stone Packing Under Foundation With Good Quality

Blasted Rubble Including Conveyance Of Material And Labour Charges Etc. Complete As Per Direction Of Departmental Officers At Site എന്ന വിശേഷണത്തോട് കൂടിയ 60.7.2 എന്ന ഇനമാണ് ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ 60.7.1 എന്ന ഇനം ഉപയോഗിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. 60.7.1 പ്രകാരം Under Packing നിർവ്വഹിച്ചതിൽ ഫൗണ്ടേഷന് ആവശ്യമായ 46.18 Cum ( 144.33x.8x.4=46.18 Cum ) ഒഴികെയുള്ള 41.05 Cum ന് വേണ്ടി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| 60.7.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവും കരാർ തുകയും | കരാറുകാരന് നൽകിയ തുക (GST ഉൾപ്പെടെ ) | 60.7.2 പ്രകാരം നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക (2622.81 രൂപ നിരക്കിൽ GST ഉൾപ്പെടെ ) | അധിക ചെലവ് |
|---|---|---|---|
| 41.05 ക്യൂബിക് മീറ്റർ 3513.36 രൂപ | 170183.64 | 127046.29 | 43137.34 |

അത്തറച്ചാൽ കുരിച്ചിക്കണ്ടി തോട് നവീകരണം(പ്രൊ.നം 210/24) എന്ന പ്രവൃത്തിയുടെ തുടർച്ചയായാണ് പദ്ധതി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനങ്ങളിൽ നിന്നും വ്യത്യസ്തമായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നുമുണ്ടായിട്ടുള്ള 43,137 രൂപയുടെ അധിക ചെലവിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് 17.10.2024 തിയ്യതിയിൽ ഇ-മെയിൽ മുഖേന ലഭ്യമാക്കിയ മറുപടിയിൽ തോടിന്റെ അടിത്തട്ട് മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് ചെളി നിറഞ്ഞ നിലയിലായതിനാലാണ് അടിത്തട്ടിൽ പാക്കിംഗ് ചെയ്തതെന്നും ഫൗണ്ടേഷന് തകർച്ച സംഭവിക്കാതിരിക്കാനാണ് 60.7.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ Packing To Compactness To Lines And Levels ഉൾപ്പെടുന്ന 60.7.1 അണ്ടർ പാക്കിംഗിന് ഉപയോഗിച്ചത് സംബന്ധിച്ച അപാകതയാണ് ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ ശ്രദ്ധയിൽപെടുത്തിയത്. യഥാർത്ഥത്തിൽ ഉപയോഗിക്കേണ്ടിയിരുന്നത് 60.7.2 എന്ന ഇനമാണ്. പദ്ധതി യുടെ ആദ്യ ഘട്ടത്തിലെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 60.7.2 എന്ന ഇനമാണ് അണ്ടർ പാക്കിംഗിന് ഉപയോഗിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായുള്ള ചെയിനേജിലാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നതിനാൽ സൈറ്റ് സാഹചര്യങ്ങളിൽ വ്യത്യാസമുണ്ടായിട്ടില്ലെന്നതും വ്യക്തമാണ്. അടിത്തട്ടിൽ ചളി ആയിരുന്നെങ്കിൽ ആയത് നീക്കം ചെയ്തിട്ട് വേണമായിരുന്നു പ്രവൃത്തി നിർവ്വഹിക്കാൻ എന്ന വസ്തുതയും ശ്രദ്ധയിൽപെടുത്തുന്നു.

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 15.03.2024 തിയ്യതിയിൽ 326 നമ്പർ ബിൽ മുഖേന ചെലവഴിച്ച തുകയിൽ നഷ്ടതുകയായ 43,137 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 മിനി എം.സി.എഫ് നിർമ്മാണം -ചെയ്യാത്ത ഇനത്തിന് തുക നൽകി. പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മിനി എം.സി.എഫുകൾ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം വാർഡുകളിൽ 11 മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ സ്റ്റിക്കർ നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി ACP ഷീറ്റ് സ്ഥാപിക്കുന്നതിനുള്ള DAR ലെ Structural Glazing & Aluminium Composite Panel എന്ന ചാപ്റ്ററിലെ 25.7 എന്ന ഇനത്തിലെ Sundries For Designing എന്ന ഇനം മാത്രം ഒഴിവാക്കി OD തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഒഴിവാക്കിയ ഇനത്തിന്റെ അടിസ്ഥാന നിരക്ക് 97.66 (656.3÷6.72) രൂപയാണ്.

ശരാശരി 20 സെ.മി വീതിയിലും 1.8 മീറ്റർ നീളത്തിലുമാണ് ( 0.36 ചതുരശ്ര മീറ്റർ വിസ്തീർണ്ണം ) ഓരോ എം.സി.എഫി ന്മേലും സ്റ്റിക്കർ ബോർഡ് പതിക്കുന്നതിനായി പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.
25.7 എന്ന ഇനവുമായി താരതമ്യപ്പെടുത്തുമ്പോൾ മെറ്റീരിയൽ, ലേബർ ഘടകങ്ങൾ സമാനമാണ്. OD161722/2023-2024 നമ്പറായുള്ള ഒബ്സർവ്വ്ഡ് ഡാറ്റയുടെ എസ്റ്റിമേറ്റ് നിരക്ക് 4950.08 രൂപയും കരാർ നിരക്ക് 3000 രൂപയുമാണ്. 25.7 എന്ന ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ ബഹുനില കെട്ടിടങ്ങളുടെ ബാഹ്യവശങ്ങളിൽ മഴയേയും, കാറ്റിനേയും പ്രതിരോധിക്കും വിധവും, കെട്ടിടത്തിനകത്തെയും പുറത്തേയും മർദ്ദം സന്തുലിതമാക്കും വിധവും എ.സി.പി. സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഇതെന്ന് വ്യക്തമാകുന്നു. ഇതിന്റെ ഡാറ്റയിൽ Weather Sealant - Non Staining, Weather Sealant - Normal (300 Ml),MS Brackets / Aluminium Alloy Brackets,EPDM Gasket In Kg(Above 60 G / M),Anchor Fastner – M10,SS Bolt With Washer Of Sizes For Structural Glazing / ACP Cladding , GI Flashing - 1.2 Mm Thick എന്നീ സാധനങ്ങളും, ഇവ ഉറപ്പിക്കുന്നതിനുള്ള വലിയ നിരക്കിലുള്ള ഇൻസ്റ്റലേഷൻ, ഫാബ്രിക്കേഷൻ ചാർജ്ജുകളും ഉൾപ്പെടുന്നുണ്ട്.
15.10.2024 തിയ്യതിയിൽ സ്ഥലപരിശോധനയുടെ ഭാഗമായി 12-ാം വാർഡിലെ മിനി എം.സി.എഫ് പരിശോധിച്ചതിൽ നിന്നും എ.സി.പി ഷീറ്റ് , സ്ക്രൂ എന്നിവ മാത്രമാണ് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ Weather Sealant - Non Staining, Weather Sealant - Normal (300 Ml), MS Brackets / Aluminium Alloy Brackets, EPDM Gasket In Kg(Above 60 G / M), Anchor Fastner – M10, GI Flashing - 1.2 Mm Thick തുടങ്ങിയ സാമഗ്രികളുടെ ഉപയോഗമോ, ഇൻസ്റ്റലേഷനും ഫാബ്രിക്കേഷനുമായി വലിയ മനുഷ്യാധ്വാനമോ ഉപയോഗിച്ചിട്ടില്ല.
ചതുരശ്ര മീറ്ററിന് 1100 രൂപ അടിസ്ഥാന വിലയുള്ള 4 Mm Thick ACP ഷീറ്റാണ് ഡാറ്റയിൽ ഉപയോഗിച്ചിട്ടുള്ളത്. നിരപ്പായ പ്രതലത്തിൽ സ്ഥാപിക്കാനുള്ളതിനാൽ 4 Mm Thick ACP ഷീറ്റ് ആവശ്യമില്ലായിരുന്നു. ACP ഷീറ്റിന് പകരം Anodised Aluminium Sheet, Aluminium Industrial Troughed Sheet പോലുള്ളവയും ഉപയോഗപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കാമായിരുന്നു. ഒബ്സർവ്വ്ഡ് ഡാറ്റ പരിശോധിച്ചാൽ ഷീറ്റ്, SS Bolt With Washer Of Sizes For Structural Glazing / ACP Cladding , SS Screws Of Sizes For Structural Glazing /ACP Cladding എന്നീ ഇനങ്ങൾ മാത്രമെ ആവശ്യമുണ്ടായിരുന്നുള്ളൂ എന്നതും വ്യക്തമാകും. മേൽ ഇനങ്ങൾക്കായി ചതുരശ്ര മീറ്ററിന് 1273.6 രൂപ മാത്രമെ ചെലവ് വരികയുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| Material For 6.72 Sqm | | | | |
|---|---|---|---|---|
| 2613 | SS Bolt With Washer Of Sizes For Structural Glazing / ACP Cladding | 2 | 35 | 70 |
| 2614 | SS Screws Of Sizes For Structural Glazing /ACP Cladding | 49 | 3 | 147 |
| 2654 | Aluminium Industrial Troughed Sheet | 7.06 | 600 | 4236 |
| 9999 | Sundries (Transportation) | 473.83 | 2 | 947.66 |
| TOTAL | 6.72 | Sqm | | 5400.66 |
| UNIT TOTAL | 1 | Sqm | | 803.66 |
| | Water Charge@ 1.00 % | | | 8.0366 |
| | TOTAL | | | 811.6966 |
| | Contractors Profit & Overhead@ 15.00 | | | 933.45109 |

| | | | | |
|---|---|---|---|---|
| | % | | | |
| | Cost Index | | | 1273.600667196 |
| TOTAL | | | | 1273.6 |

ബിൽ പ്രകാരം 4.092 ചതുരശ്ര മീറ്ററിന് 3,000 രൂപ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ 14,485.68 രൂപയാണ് കരാറുകാരന് നൽകിയത്. മേൽ പട്ടിക പ്രകാരം 6,149.65 രൂപ പരമാവധി ചെലവ് വരുന്നിടത്താണ് 14,485.68 രൂപ ചെലവഴിച്ചിട്ടുള്ളത്. അപാകതകൾ മൂലം 8,336 രൂപയുടെ അധിക ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ബോർഡ് സ്ഥാപിക്കുകയെന്നത് അനിവാര്യമായിരുന്നെന്നും തീരദേശ മേഖലയായതിനാലാണ് അലൂമിനിയം കോംപോസിറ്റ് പാനൽ ഷീറ്റുകൾ ഉപയോഗിച്ചതെന്നുമാണ്. മേൽ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ല.

- നെയിം ബോർഡ് സ്ഥാപിച്ചതിന്റെ ആവശ്യകതയെ ഓഡിറ്റ് ചോദ്യം ചെയ്തിട്ടില്ല. മറിച്ച് സ്റ്റിക്കർ ബോർഡ് ഒട്ടിക്കുന്നതിനുള്ള തകിട് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയ്ക്കായി ഉൾപ്പെടുത്തിയത് DARലെ ഇനം 25.7ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ബഹുനില കെട്ടിടങ്ങളുടെ ബാഹ്യവശങ്ങളിൽ മഴയേയും, കാറ്റിനേയും പ്രതിരോധിക്കും വിധവും, മഴവെള്ളം അകത്തേയ്ക്ക് പ്രവേശിക്കാതെ ശരിയായി വെള്ളം ഡ്രൈൻ ചെയ്യുന്ന വിധവും, കെട്ടിടത്തിനകത്തെയും പുറത്തേയും മർദ്ദം സന്തുലിതമാക്കും വിധവും എ.സി.പി. സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് അലൂമിനിയം തകിട് ഉറപ്പിക്കുന്നതിന് നൽകിയിട്ടുള്ളത്. പ്രവൃത്തിക്കായി അലൂമിനിയം തകിട്, സ്ക്രൂ എന്നിവ മാത്രമെ ഉപയോഗിച്ചിട്ടുള്ളൂ. ഇനത്തിന്റെ നിരക്കിൽ ഉൾപ്പെട്ട Weather Sealant - Non Staining, Weather Sealant - Normal (300 Ml),MS Brackets / Aluminium Alloy Brackets,EPDM Gasket In Kg(Above 60 G / M),Anchor Fastner – M10, GI Flashing - 1.2 Mm Thick എന്നീ ഇനങ്ങൾ നിർവ്വഹിക്കാതെ അതിനുള്ള തുക കൂടി കരാറുകാരന് നൽകപ്പെട്ടു.
- തീരദേശ മേഖല ആയതിനാലാണ് ബോർഡിന് അലൂമിനിയം തകിട് ഉപയോഗിച്ചതെന്ന മറുപടി , എം.സി.എഫ് നിർമ്മിച്ചത് ഇരുമ്പ് പൈപ്പ്, മെഷ് എന്നിവ കൊണ്ടാണെന്നതിനാലും ആസ്തിയേക്കാൾ പ്രാധാന്യമുള്ളതല്ല ആസ്തിയിന്മേലുള്ള ബോർഡ് എന്ന കാരണത്താലും സ്വീകാര്യമല്ല. ബോർഡ് സ്ഥാപിക്കാനുള്ള തകിടിന് താരതമ്യേന നിരക്ക് കുറവുള്ള Anodised Aluminium Sheet, Aluminium Industrial Troughed Sheet പോലുള്ള അലൂമിനിയം ഷീറ്റുകളും ഉപയോഗിക്കാമായിരുന്നു.

ശുചിത്വ മിഷൻ ഗ്രാന്റിനത്തിൽ നിന്നും പദ്ധതിക്കായി ചെലവഴിച്ച തുകയിൽ കരാറുകാരന് അനർഹമായി അനുവദിച്ച 8,336 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിൻ്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2023-24 | 08-10-2024 മുതൽ 16-10-2024 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023 -24 | 4,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,50,000 |
| | 2023 -24 | 1,00,000 | ക്രാഡിൽ അങ്കണവാടി – അങ്കണവാടിശിശു സൗഹൃദമാക്കൽ | 1,00,000 |
| | 2023 -24 | 8,42,709 | ലൈഫ് ഭവന പദ്ധതി- ജനറൽ | 8,42,709 |
| | 2023 -24 | 3,00,000 | ലൈഫ് ഭവന പദ്ധതി- എസ്.സി | 3,00,000 |
| | 2023 -24 | 1,60,614 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 1,60,614 |
| | 2023 -24 | 2,25,000 | കാലിത്തീറ്റ സബ്സിഡി | 2,25,000 |
| ആകെ | | 20,78,323 | | 20,78,323 |
| ജില്ലാ പഞ്ചായത്ത് | 2023 -24 | 1,30,647 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 1,30,647 |
| ജില്ലാ പഞ്ചായത്ത് | 2023 -24 | 1,00,000 | കാലിത്തീറ്റ സബ്സിഡി | 1,00,000 |
| ജില്ലാ പഞ്ചായത്ത് | 2023 -24 | 12,50,000 | ലൈഫ് ഭവന പദ്ധതി- ജനറൽ | 12,50,000 |
| ആകെ | | 14,80,647 | | 14,80,647 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി- KURDFC | സ.ഉ. (എം എസ്) നം. 111/2018 | 7,30,000 | 69,77,180 | 15,18,821 | 0 | 61,88,359 |

| | | | | | | |
|---|---|---|---|---|---|---|
| | ത.സ്വ ഭ.വ തിയതി 13-08-2018 | | | | | |

## 4-6 സ്ഥിര നിക്ഷേപത്തിൻ്റെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 22,06,883 |
| തൻവർഷം നിക്ഷേപിച്ച തുക | 1,81,853 |
| ആകെ | 23,88,736 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23,88,736 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ (ഷെയർ നമ്പർ -2988) | 2,500 |
| മേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ഷെയർ (ഷെയർ നമ്പർ -71617) | 100 |
| മേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് (FD. No. 002001014973/9) | 23,86,136 |
| ആകെ | 23,88,736 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയുടെ വിശദാംശങ്ങൾ | തുക | പേര് | തിയതി | രസീതീ നം. |
|---|---|---|---|---|
| 2022– 23 Para 3-1 | 9767/- | കെ.ആർ വിനോദ് | 19/07/23 | 1230202513 |
| | 9767/- | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | | 2003-04 | മറ്റ് പരാമർശം | തെക്കേപ്പുറത്ത് റോഡ് പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | | | 11.14 | |
| | | 2011-12 | 3.3.6 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം |
| | | 2011-12 | 3.3.13 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം |
| | | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-7, 2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ |

## 4-9 ചാർജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേമെന്റ് പ്രകാരം) | 7,75,96,036 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേമെന്റ് പ്രകാരം) | 5,30,01,301 |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51,473 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,06,847 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 43,137 | ശ്രീമതി ദിവ്യ എൻ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | - | 8,336 | ശ്രീമതി ദിവ്യ എൻ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 51,473 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 44,647 | ഡോ. ശിവപ്രസാദ്, മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1-35 | 62,200 | ശ്രീ ബൽരാജ് എം.ജി, ഹെഡ് മാസ്റ്റർ |
| ആകെ | 1,06,847 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ദിവ്യ എൻ.എം, അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് | സേതിക ഹൗസ്, കൊമ്മേരി പി. ഒ, കോഴിക്കോട് |
| ശ്രീ ബൽരാജ്. എം.ജി , ഹെഡ് മാസ്റ്റർ | വിരമിച്ചു | ശ്രീലക്ഷ്മി ഹൗസ്, മേലൂർ പി. ഒ, |
| ഡോ. ശിവപ്രസാദ്, മെഡിക്കൽ ഓഫീസർ, ആയുർവേദം | പഠനാവശ്യാർത്ഥം അവധിയിൽ പ്രവേശിച്ചു | സുഗുണാലയം, തലക്കുളത്തൂർ, പുറക്കാട്ടിരി, കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി/ പി 13/ 867/2019(1) തിയ്യതി- 02.09.2019 | 10 | 22, 23എ, 32, 33, 34, 35(1), (2),37, 38, 42, 48 |
| 2000-01 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി/ പി 13/ 867/2019(2) തിയ്യതി- 02.09.2019 | 9 | 7, 8, 9, 10, 11, 12, 13, 14, 15 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി/ പി 13/ 867/2019(3) തിയ്യതി- 02.09.2019 | 1 | 8 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/13 /867/2019(4) തിയ്യതി- 02.09.2019 | 3 | 3-2, 3-5, 3-12 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/ പി13/ 867/2019(5) തിയ്യതി- 02.09.2019 | 4 | 2-1, 3-3, 3-6, 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി6/ 744/2009 തിയ്യതി.06/08/2009 | 16 | 2-2(1), 2-2(2), 3-1, 3-2, 3-3, 3-4, 3-6, 3-6(1), 3-6(2), 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി6/ 877/2009 തിയ്യതി.21/05/2010 | 4 | 1 ഡി, 3-3, 3-4(എ), 3-6 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി4/ 236/2011 തിയ്യതി.14/07/2011 | 9 | 2-1(എ), 2-4(1, 2), 2-4(4), 2-5,3-1, 3-2, 3-3, 3-5, 3-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി4/ 813/2011 തിയ്യതി 21.07.2011 | 18 | 2-4, 2-5, 2-7 (എ-എഫ്), 2-8 മുതൽ 2-11 വരെ, 3-1 മുതൽ 3-5 വരെ, 3-7 മുതൽ 3-11 വരെ, 3-13 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി13/ 92/2013 തിയ്യതി.11/02/2013 | 12 | 2-1, 2-2, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11 |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി13/ 93/2013 തിയ്യതി.29/01/2013 | 12 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7,3-8, 3-9, 3-10, 3-11, 3-13 |
| 2011-12 & 2012-13 | എൽ.എഫ്.കെ.കെ.ഡി/ പി13/ 1587/2014 തിയ്യതി-29.10.2014 | 5 | 3-3, 3-6, 3-7, 3-9,3-10, 3-11 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി13/ 744/2016 തിയ്യതി.6.09.2016 | 35 | 1-8, 2-1 മുതൽ 2-5 വരെ, 3-1 മുതൽ 3-20 വരെ, 3-23 മുതൽ 3-29 വരെ, 3-31, 4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി13/ 620/2017 തിയ്യതി.19.06.2017 | 18 | 2-1, 2-2, 2-3, 2-7, 2-9, 3-2, 3-3, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി13/2360/17 തീയതി-18.12.17 | 22 | 2-1(2,5), 2-1-(3), 2-4, 2-6, 2-7, 3-3, 3-4, 3-5,3-7, 3-8 (1, 2, 3, 4, 5, 7),3-8 (8),3-9(2), 3-9(3),3-9(4), 3-10, 3-11(2), 4-8 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/ പി8/ 718/2020 തീയതി-20.10.2020 | 3 | 2-2, 2-6, 3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി8/ 1312/2020 തീയതി-28.12.2020 | 6 | 1-6, 1-8(2), 1-12, 1-15(1), 1-18, 1-19 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/ പി8/ 889/2021 തിയതി-21.04.2022 | 23 | 1-2(5), 1-12, 1-14 (2), 1-17, 3-2(i)(ii), 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/ പി8/1861/21 തീയതി-07-12-2021 | 29 | 1-1-2, 1-1-3, 1-1-4, 1-2-1 (1, 2, 3, 4) 1-2-1 (5-10),1-4-1, 1-9-1, 1-9-2, 1-10, 1-11, 1-12, 1-13, 1-14, 1-15,1-16, 1-17, 1-18, 1-19,1-20, 1-21,1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 4-11 |
| 2021 - 22 | കെ.എസ്.എ.കെ.കെ.ഡി/ പി 10/1821/23 തീയതി-14-03-2024 | 11 | 1-4-1,-6(1,3,5, 6,7,9, 11) 1-7, 1-11,1-12, (1,2) 1-13, 1-14,1-15 (1,2) 1-16,1-22,4-11 |

| | | | |
|---|---|---|---|
| 2022-23 | കെ.എസ്.എ.കെ.കെ.ഡി/ പി10/310/24 തീയതി-06-05-2024 | 16 | 1-1, 1-1(1,2,3,4,5),1-9,1-10, 1-11,1-12,1-13,1-14,1-17,1-18, 1-19,1-21,1-23,1-24,3-2,4-1 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, കോഴിക്കോട്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 02/2024 dated 21-05-2024 and submitted on 27-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Chengottukave Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chengottukave Grama Panchayat as on 31-03-2024

Date: 02/11/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Chengottukave Grama Panchayat for the Year 2023-2024 .**

**1.Major Observations**

Comments relating to Ratios and notes to accounts are not submitted

as prescribed in accounting rules

**2.Other Observations**

a. Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
b. Omission of entry of receipt and payment voucher
c. Misclassification of receipt and payment voucher
d. Credit balance in bankbook
e. Lapses in making timely and accurate demand entries
f. Difference in the closing balance of grants in different schedules of balance sheet

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്